# കർമ്മലകുസുമം.

## ൨൭-ാം പുസ്തകം.

ദൈവജനനിയുടെ സ്തുതിക്കായി
പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കേരളത്തിലെ

## ഒരു കുടുംബമാസിക.

"കേരളീയകർമ്മെലിത്താസഭ വഴിയായി നാട്ടിനു പല നന്മകൾ സിദ്ധിച്ചിട്ടുള്ളതു ഏവരും കൃതജ്ഞതാപൂർവ്വം എന്നും അനുസ്മരിക്കുന്നതാണ്. പ്രസ്തുത സഭാവല്ലിയിൽ നിന്നും കേരളത്തിൽ പൊഴിഞ്ഞിട്ടുള്ള പല സുഗന്ധപുഷ്പങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു 'കർമ്മലകുസുമം'."

കാലംചെയ്ത കുര്യാളശ്ശേരിൽ മാർ തോമ്മാ
മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.

MANNANAM:

PRINTED AT THE ST. JOSEPH'S PRESS.

1930.



വിശുദ്ധ ഫ്രാൻസീസ് സാലെസ്.

തിരുനാൾ ജനുവരി ൨൯.

# കർമ്മലകുസുമം.

പുസ്തകം ൮)      ൧൯൩൦ ജനുവരി.      (ലക്കം ൧.


## ഉണർന്നിടുവിൻ.

ശ്രീമാൻ വി. എസ്. ആൻഡ്രൂസ്

ചെഞ്ചുരുട്ടി ആദി. (തിരുപ്പുകഴ്ത്തേവര എന്ന മട്ടു.)

ഉണർന്നിടുവിൻ ധർമ്മധൈര്യമാർന്നു നാം
ധർമ്മഗീതിയോതി സാമൂഹ്യമായ് പരിശ്രമിക്കുവിൻ
ഘനംമതിയാക്കുവിൻ കൈകോർത്തു നില്ക്കുവിൻ
അനന്തരകർമ്മമാചരിക്കുവിൻ. (ഉണ)

സോദര വീരരെ സുഭഗശരീരരെ
സൂരികളായുള്ളരെ സോദരിമാരെ
സ്വാപം കളഞ്ഞു നിങ്ങളേവരും. (ഉണ)

ദിനതതി പോകവേ ജനതതിയാകവെ
ദീനാന്ധ്യഭാവമാർന്നു മാഴ്കവെ
കനിവണവില്ലയോ കൺതുറക്കില്ലയോ
കാണുകമാംസളഹീനവിതൃപത
കാരുണ്യപാലനം ചെയ്തീടുവാൻ. (ഉണ)

# പ്രസാധകക്കുറിപ്പുകൾ.

## പോയതുപോയി.

൧൯൨൯-ാമാണ്ടു കടന്നുപോയിരിക്കുന്നു. അതു എന്നേക്കുമായി കടന്നുപോയി. ലോകചക്രത്തിൽ എന്തെല്ലാം ഭേദഗതികൾ ഇക്കഴിഞ്ഞകൊല്ലം ദർശിച്ചിട്ടുണ്ടായിരിക്കാം. ചിലരെ സംബന്ധിച്ചിടത്തോളം അതു വിജയകരമായ ഒരു വത്സരമായിരുന്നെന്നു വരാം. മററു ചിലക്കു അതു പരാജയത്തിൻെറ ഒരു കാലഘട്ടമായിട്ടായിരിക്കും പരിണമിച്ചതു്. ഏതായാലും അതു തിരോധാനംചെയ്തു. ആരു പിടിച്ചാലും ഇനി ആ കൊല്ലത്തെ തിരികെ കൊണ്ടുവരാൻ സാധിക്കുന്നതല്ല. അതിനാൽ കരഗതമായിരിക്കുന്ന നവവത്സരത്തേ മുറുകെ പിടിക്കുകതന്നെ. കഴി

ഞ്ഞുകൊള്ളുത്ത അനുഭവങ്ങൾ ഇക്കൊല്ലം ശരിയായി വിനിയോഗിക്കുന്നതിനു നമ്മെ പഠിപ്പിക്കുമെങ്കിൽ നമുക്കു കൃതാൎത്ഥരാകാം. വീണ കുഴികളിൽതന്നെ വീണ്ടും വഴാതിരിക്കുന്നതിനും, പ്രയോജനകരങ്ങളായ അവസരങ്ങളേ നഷ്ടപ്പെടുത്താതിരിക്കുന്നതിനും സ്ഥിരമായ പ്രതിജ്ഞ ചെയ്തുകൊണ്ടും ദൈവപരിപാലനയിൽ പൂൎണ്ണമായി ഉറച്ചുകൊണ്ടും പുതിയ കൊല്ലത്തിലേക്കു നാം കടക്കുമെങ്കിൽ വത്സരാവസാനത്തിൽ പശ്ചാത്തപിപ്പാൻ ഇടവരികയില്ല. അപ്രകാരമുള്ള ഒരു നവവത്സരം ഞങ്ങളുടെ മാന്യവായനക്കാൎക്കെല്ലാവർക്കും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## ആരെ കുററം പറയുന്നു?

വൈസറോയിവന്നു, വൈസറോയി പോയി. എങ്കിലും അതേ തുടൎന്നുള്ള രോദനങ്ങളും മുറവിളികളും ഇനിയും തീൎന്നിട്ടില്ലെന്നു കാണുന്നു. കേരളത്തിലുള്ള കത്തോലിക്കാസ്ഥാപനങ്ങൾ സന്ദൎശിക്കുന്നതിനും കത്തോലിക്കരുമായി വേണ്ടപോലെ പരിചയപ്പെടുന്നതിനും പ്രഭു അവർകൾക്കു അവസരം കൊടുക്കുകയുണ്ടായില്ലെന്നുള്ളതാണു കത്തോലിക്കൎക്കു ഏതൽസംബന്ധമായുള്ള ഒരു ആവലാതി. അതു മറക്കാനും മറയ്ക്കാനും പാടില്ലാത്ത ഒരു വാസ്തവമാണുതാനും. എന്നാൽ ആരെയാണു ഈക്കാൎയ്യത്തിൽ കുററം പറയേണ്ടതു്? കാൎയ്യപരിപാടി തയാറാക്കിയവരുടെ അനാസ്ഥയാകുന്നു ഇതിനു കാരണമെന്നു പറയുന്നുണ്ടു്. അതും കുറേയെല്ലാം സമ്മതിക്കുകതന്നെ. എന്നല്ലാതെ കുററം മുഴുവൻ അവരുടെ മേൽ ചുമത്താൻ വഴികാണുന്നില്ല. ആവശ്യക്കാർ കാലേക്കൂട്ടി ഏൎപ്പാടുകൾ ചെയ്യേണ്ടിയിരുന്നു. അതൊന്നും ചെയ്യാതെ കാൎയ്യം കഴിയുമ്പോൾ കണ്ടവരെ കുററം പറകയും കഥയില്ലാതെ പ്രലപിക്കയും ചെയ്യുന്നതു ഒരുമാതിരി പിടിപ്പുകേടിൻെറ ലക്ഷണമായിട്ടേ അന്യർ പരിഗണിക്കാൻ വഴിയുള്ളൂ. ഇതു നമുക്കു ആദ്യത്തെ അനുഭവമല്ല. എന്നിട്ടും പഠിക്കാത്തതാണത്ഭുതം. വിദേശത്തിൽ കിടക്കുന്ന ഒരു ഡോക്ടർ തോമസു മാത്രമേ അല്പംതാമസിച്ചിട്ടാണെങ്കിലും ഇക്കാൎയ്യത്തിൽ വല്ലതും പ്രവൎത്തിക്കാനുണ്ടായൊള്ളു എന്നുള്ളതും സ്മരണീയമാണു്. ഈരീതിയിൽ നമ്മുടെ കാൎയ്യങ്ങൾ നടക്കുന്നടത്തോളം കാലം ഇതിൽ കൂടുതലായ മേന്മയൊന്നും ഒരിടത്തും നമുക്കു സിദ്ധിക്കുമെന്നു പ്രതീക്ഷിക്കാനില്ലാത്തതാകുന്നു.

## പിശാചിനെയും കണ്ടുപഠിക്കാം.

വി. ഫ്റാൻസീസ് സേവിയർ സത്യവേദം പ്രസംഗിക്കുന്നതിനായി ജപ്പാനിൽ ചെന്നെത്തുന്നതിനു മുമ്പായി യൂറോപ്യൻ വ്യാപാരികൾ കച്ചവടത്തിനായി അവിടെ എത്തിയതുകണ്ടു ആ സിദ്ധൻ പ്രലപിച്ചതായി ചരിത്രത്തിൽ കാണുന്നുണ്ടു്. സത്യത്തിനെതിരായി പിശാചും അവൻെറ ദൂതന്മാരും ചെയ്യുന്ന അശ്രാന്തപരിശ്രമങ്ങൾ കാണുമ്പോൾ നാമും കരയുകതന്നെവേണം. എന്നല്ല, സത്യത്തിനുവേണ്ടി അത്രയുമെങ്കിലും പരിശ്രമിക്കുന്നതിലേക്കു നാം അവരെ കണ്ടുപഠിക്കക്കൂടെ ചെയ്യേണ്ടതാകുന്നു. മതം വേണ്ടെന്നും, ദൈവമില്ലെന്നും, യുക്തിതന്നെ സകലതിനും ആധാരമെന്നും, അധികാരങ്ങളെല്ലാം വ്യൎത്ഥമെന്നും ഇത്യാദി പ്രബോധനങ്ങൾ പ്രചരിപ്പിക്കുന്നതിൽ നരകദൂതന്മാർ പെടുന്ന പാടുകളെ കണ്ടുംകൊണ്ടു നാം സത്യദൈവത്തിൻെറ സേവനത്തിൽ ഇനിയും അലസരായി കഴിയുന്ന പക്ഷം അതു ഒട്ടും ക്ഷന്തവ്യമായിരിക്കയില്ല. അവരുടെ ശ്രമങ്ങളെ തടയുവാൻ നമുക്കു സാധിക്കുന്നതല്ല, അതിനു നമുക്കു ആവശ്യവുമില്ല. എന്നാൽ അവരേക്കാൾ കൂടുതൽ ഉത്സാഹവും ഉന്മേഷവും നമ്മുടെ കാൎയ്യത്തിൽ നമുക്കുണ്ടാകാൻ അതു പ്രയോജകീഭവിപ്പിക്കരുതോ? അതുതന്നെ നമ്മുടെ വിജയമായിരിക്കും.



# പിറവിയുടെ ശേഷം.

(റവ. ഫാദർ വില്ല്യം സി. ഡി. എം. എ. എൽ. ററി.)

ഉന്നതങ്ങളിൽ സർവ്വേശ്വരന് സ്തോത്രവും ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നല്ല ശരണവും ഉണ്ടായിരിക്കട്ടെ എന്നു പാടിയ മാലാഖാമാരുടെ കാഴ്ച മറഞ്ഞുപോയ ഉടനെ ഇടയന്മാർ ശീഘ്രം പുറപ്പെട്ട് ബേത്ലഹത്തിൽ ചെന്നു ദിവ്യശിശുവിനെ ആരാധിച്ചു.

ദിവ്യരക്ഷകൻ പിറക്കുന്ന കാലത്ത് ഒരു പുതിയ നക്ഷത്രമുദിക്കുമെന്നു മുമ്പുകൂട്ടി ദൈവം ലോകത്തെ അറിയിച്ചിട്ടുണ്ടായിരുന്നു. ഈ നക്ഷത്രം കണ്ടയുടനെ പുതുതായി പിറന്ന ദിവ്യശിശുവിനെ ആരാധിക്കുവാൻ പുറപ്പെടുന്നതിന് സർവ്വേശ്വരൻ മൂന്നു രാജാക്കന്മാരെ അനുഗ്രഹിച്ചു. അതിനെ നിറവേറ്റുന്നതിന് അവർ ഉത്സാഹപൂർവ്വം പുറപ്പെട്ടു. അവർ രാജാക്കന്മാരായിരുന്നു; അവർക്കു ലൗകികനന്മകളൊന്നും കുറവില്ലായിരുന്നു. പിറന്ന ശിശുവിനെ അന്വേഷിച്ചു പുറപ്പെടുന്ന പക്ഷം പല കഷ്ടതകൾ നേരിടുമെന്ന് അവർ അറിഞ്ഞിരുന്നു. ശിശു പിറന്ന സ്ഥലം അവർക്ക് അറിഞ്ഞുകൂടായിരുന്നു. എങ്കിലും അവരുടെ ബന്ധുക്കളും മറ്റും ചെയ്തിരുന്ന തടസ്സങ്ങളെല്ലാം അവഗണിച്ചു സർവ്വേശ്വരൻ തങ്ങളെ ക്ഷണിച്ചിരിക്കുന്നു എന്നു വിശ്വസിച്ചുകൊണ്ട് അവർ വേഗം പുറപ്പെട്ടു.

അവർ യാത്രതിരിച്ചപ്പോൾ നക്ഷത്രം മുമ്പിൽ നിന്ന് അവർക്കു വഴികാണിച്ചുകൊടുത്തു തുടങ്ങി. പക്ഷേ അവർ ഓറശ്ലേം പട്ടണത്തിൽ പ്രവേശിച്ച ഉടനെ നക്ഷത്രം കാണാനില്ലാതെ ആയി. പട്ടണത്തിൽ പ്രവേശിച്ച് ഹേറോദേസ് രാജാവിന്റെ അടുക്കൽ ചെന്ന് ലോകരക്ഷകൻ പിറന്നസ്ഥലം കാണിച്ചുകൊടുക്കണം, തങ്ങൾ കിഴക്ക് അദ്ദേഹത്തിന്റെ നക്ഷത്രം കണ്ടിട്ടു വന്നിരിക്കുന്നതാണ് എന്നറിയിച്ചു. ഹേറോദേസ് ഇതുകേട്ടു പരിഭ്രമിച്ചു എങ്കിലും ആചാര്യന്മാരിൽ പ്രധാനികളേയും വേദശാസ്ത്രികളേയുംവിളിച്ചുവരുത്തി, ലോകരക്ഷകൻ എവിടെ പിറക്കാനിരിക്കുന്നു എന്നുവേദപുസ്തകം പരിശോധിച്ചു പറയണമെന്നാജ്ഞാപിച്ചു. അവർ ലോകരക്ഷകൻ പിറക്കേണ്ട കാലം അടുത്തിട്ടുണ്ടെന്നും അദ്ദേഹം ബേത്ലഹമ്മിൽ പിറക്കുമെന്നാണ് ദീർഘദർശനങ്ങളിൽ കാണുന്നതെന്നും മറുപടി ഉണർത്തിച്ചു.

വഞ്ചകനായ ഹേറോദേസ് ആ മൂന്നു രാജാക്കന്മാരോടു നക്ഷത്രം പ്ര

*

ത്യക്ഷമായ. സമയത്തെപ്പററി സൂക്ഷ്മമായി ചോദിച്ചറിഞ്ഞശേഷം ഇങ്ങനെ പറഞ്ഞു; "നിങ്ങൾ പോയി അദ്ദേഹത്തെ ആരാധിച്ചിട്ടു ഇവിടെ വന്നു എന്നോടു വിവരം പറയണം. ഞാനും അദ്ദേഹത്തെ ആരാധിക്കാം." അപ്രകാരം മൂന്നുരാജാക്കന്മാർ പട്ടണം വിട്ടു വെളിയിലിറങ്ങിയപ്പോൾ നക്ഷത്രം വീണ്ടും കാണായിവന്നു. അതു അവരുടെ മുമ്പിലായിപ്പോയി ദിവ്യശിശു പിറന്നഗ്രഹയുടെ മേൽഭാഗത്തു നിന്നു. അവർ ശിശുവിനേയും മാതാവിനേയും കണ്ടു. ദിവ്യശിശുവിനെ ആരാധിച്ച് പൊന്നു, കുന്തുരുക്കം, മീറാ എന്ന മൂന്നു സാധനങ്ങൾ കാഴ്ചസമർപ്പിച്ചു. പൊന്ന്, താൻ രാജാവാണെന്നും, കുന്തുരുക്കം താൻ ദൈവമാണെന്നും, മീറാ താൻ സാക്ഷാൽ മനുഷ്യനാണെന്നും കാണിക്കുന്നതിനായിരുന്നു.

# പ. പിതാവും വേദപ്രചാരണവും

(റവ. ഫാദർ സിറിയക്ക് കാപ്പിൽ, പി. എച്ച്.ഡി.)

ദൈവരാജ്യപ്രചാരണത്തിനു-ക്രിസ്തുവിൻെറ വാഴ്ചക്കു - പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള മഹത്തരങ്ങളായ കൃത്യങ്ങൾ പറഞ്ഞു തുടങ്ങിയാൽ അവസാനിക്കയില്ല. തിരുമനസ്സിലേക്കു "മിഷ്യനറിപോപ്പ്" എന്ന പേരു ഏററം അനുയോജ്യമായി തീരത്തക്കവണ്ണം അത്ര അധികം അവിടുന്നു വേദപ്രചാരത്തിനു ശ്രമിച്ചിട്ടുണ്ട്, ശ്രമിക്കുന്നുമുണ്ട്. ഈ കഴിഞ്ഞ എട്ടുകൊല്ലത്തിനിടകൊണ്ട് മിഷ്യൻവേല മിന്നൽവേഗത്തിൽ മുൻപോട്ടുപോയിട്ടുണ്ട്. ആലക്തിക ശക്തികളുടെ ഒരുകേന്ദ്രം പോലെ വത്തിക്കാൻ മിഷ്യൻവേല സംബന്ധിച്ച ശക്തിയെ ലോകത്തിൽ എല്ലായിടത്തും വ്യാപിപ്പിച്ചുകഴിഞ്ഞു. മനുഷ്യദൃഷ്ടിക്കുപോലും അഗോചരമെന്നു പറയാവുന്ന ഉത്തരധ്റുവദേശങ്ങളിൽ രക്ഷയുടെ അടയാളമായ കുരിശു നാട്ടിയതു 11—ാംപീയൂസിൻെറ മിഷ്യറി അരൂപിയുടെ എരിവുകൊണ്ടാണ്. ഇതിലേക്കായി സുപ്രസിദ്ധ വൈമാനികനായ ജനറൽ നോബിലിയോടു കൂടി പ്രസിദ്ധശാസ്ത്രജ്ഞനായ ഈശോസഭയിലെ ഫാദർ ജാൻ ഫ്റൻചേസ്കിയെ അയച്ചതും അവർ 1928 മെയ്മാസം 24-ാംനു- അർദ്ധരാത്രി സമയത്തു ലോകത്തിൽ അഗ്നിയിടുവാൻ വന്നവൻ തൂങ്ങിയ ലോകത്തിൻെറ വെളിച്ചമായ സ്ലീവായെ ശീതതമവും അന്ധകാരമയവുമായ ഉത്തരധ്റുവത്തിൽ പ്രതിഷ്ഠിച്ചിട്ടു വിവരം കമ്പിയില്ലാക്കമ്പിമൂലം പ. പിതാവിനെ അറിയിച്ചപ്പോൾ അവിടുന്നു അതേ മാർഗ്ഗത്തിലൂടെ പ്രതിസന്ദേശം നൽകിയതും മററുമായ മഹാസംഭവങ്ങൾക്കു വത്തിക്കാൻെറ പരിപാവന തണലിൽ താമസിച്ച ഈയുള്ളവൻ ഒരു വിധത്തിൽ അനുഭവസാക്ഷിയാണെന്നു പറയാം.

മതപ്രചാരണത്തിൽ ഏതദ്ദേശ്യവൈദികർക്കുള്ള മഹനീയസ്ഥാനത്തെ പതിനൊന്നാംപീയൂസിനെപ്പോലെ ഇത്ര ശരിയായിട്ടറിഞ്ഞ ഒരുത്തരുമില്ലെന്നു പറയുന്നതിൽ അബദ്ധമില്ല. ഓരോ രാജ്യത്തിലേയും മാനസാന്തരവേലയെ ത്വരിതപ്പെടുത്തുന്നതിനു വിവിധസഭാംഗങ്ങളായ പാശ്ചാത്യമിഷ്യനറിമാരെ ധാരാളമായി ലോകത്തിൻെറ എല്ലാ ഭാഗത്തേക്കും അയച്ചു യുദ്ധംമൂലം ആദ്ധ്യാത്മികക്ഷാമം അനുഭവിച്ചവരെ സുഭിക്ഷരാക്കുക മാത്രമല്ല ഇനി ഒരിക്കലും ഇപ്രകാരമുള്ള ക്ഷാമമുണ്ടാകാതിരിക്കുന്നതിനായി ഏതദ്ദേശ

വൈദികരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനായി സർവ്വാത്മനാ ശ്രമിച്ചു വൈദികാദ്ധ്യക്ഷസ്ഥാനം സ്ഥാപിക്കേണ്ടടത്തെല്ലാം സ്ഥാപിച്ചു. ഇക്കൂട്ടത്തിൽ മലങ്കരസുറിയാനി ഹൈരാർക്കിയുടെ പുനഃസ്ഥാപനം നമുക്കൊരിക്കലും മറക്കാവുന്നതല്ല.

ജനസംഖ്യകൊണ്ടു ലോകത്തിലെ ഏററം വലിയ രാജ്യമായ ചീനത്തെ ആദ്ധ്യാത്മിക ഭരണത്തിനായി ഏതദ്ദേശ്യവൈദികരിൽ നിന്നു ആറുപേരെ തിരഞ്ഞെടുത്തു അവരെ റോമിൽ വി. പത്രോസിൻെറ ദേവാലയത്തിൽവച്ചു പരിശുദ്ധ പിതാവുതന്നെ മെത്രാഭിഷേകം ചെയ്തതും, ഉദിച്ചുയരുന്നജപ്പാൻരാജ്യത്തിനും സജാതിയ മെത്രാനെ റോമിൽവച്ചുതന്നെ അഭിഷേകിച്ചതും കണ്ടു ലോകമത്ഭുതപ്പെട്ടാനന്ദിച്ചു. പ്രസ്തുത രാജ്യക്കാർ ജാതിമതഭേദം കൂടാതെ സന്തോഷിക്കുകയും തദ്ദേശ ഗവർമെൻറുകൾ അവരുടെ സന്തോഷത്തെ ഔദ്യോഗികമായി പ്രദർശിപ്പിക്കുകയും ചെയ്തു.

922 മാർച്ച് മുതൽ 929 മാർച്ച് വരെ എഴുപത്തെട്ടു പുതിയ മെത്രാസനങ്ങൾ ലോകത്തിൽ സ്ഥാപിതങ്ങളായിട്ടുണ്ട്. ഏഴാകൊല്ലംമുമ്പ് ലോകം സഭാഭരണം സംബന്ധിച്ചു 280 വിഭാഗങ്ങളായിരുന്നെങ്കിൽ ഇന്നു 360 ആയിരിക്കുന്നു.

ബ്രിട്ടീഷ് ദ്വീപുകളിൽതന്നെ മുമ്പുണ്ടായിരുന്നതിൽ ഒന്നരവാശി കൂടി കത്തോലിക്കർ വർദ്ധിച്ചിട്ടുണ്ട്. ഭാരതീയരോടു മാർപ്പാപ്പായിക്കുള്ള പ്രത്യേക വാത്സല്യം നിമിത്തം ഇവിടത്തെ കാര്യങ്ങൾ അന്വേഷിച്ചു തിരുമനസ്സറിയിക്കുന്നതിന്നായി ഒരപ്പസ്തോലിക സന്ദർശകനെ ഇങ്ങോട്ടയച്ചു സംഗതികൾ ഗ്രഹിച്ചതിൻെറ ഫലമായി മിഷ്യൻരാജ്യങ്ങളെ സംബന്ധിച്ചു ഒരു പ്രത്യേക തിരുവെഴുത്തയച്ചിട്ടുള്ള വിവരം എല്ലാവർക്കുമറിയാവുന്നതാണല്ലോ. പണ്ഡിത ശിരോമണിയായ ആ ശ്ലൈഹിക സന്ദർശകനെ-ലെപ്പിസിയെ തിരുമേനിയെ—കർദിനാൾ സ്ഥാനത്തേക്കുയർത്തി നമ്മേ ബഹുമാനിച്ചയച്ചതു സ്മരണീയമാണ്.

സത്യസഭയിൽനിന്നു നിർഭാഗ്യവശാൽ വഴിതെററിപ്പോയ അകത്തോലിക്ക സഹോദരങ്ങളെ പിതാവിൻെറ ഭവനത്തിലേക്കു കൊണ്ടുവരുന്നതിൽ പ. പിതാവു പതിനൊന്നാംപീയൂസു ബദ്ധശ്രദ്ധനായിരിക്കുന്നു. Rorum orientalium എന്നതിരുവെഴുത്തുമൂലം കിഴക്കൻസഭകളോടുള്ള അവിടുത്തെ പൈതൃക വാത്സല്യം പ്രത്യക്ഷമാക്കി. കിഴക്കൻസഭക്കാരായ റഷ്യൻ, റുമേനിയൻ, ല്യത്തേനിയൻ ഈ റീത്തുകാരായ വൈദികവിദ്യാർത്ഥികൾക്കായി പ്രത്യേക കോളജുകൾ റോമ്മിൽ സ്ഥാപിക്കുകയും ഇംഗ്ലീഷ്കാർക്കായി സ്ഥാപിച്ചിരിക്കുന്ന സെൻറ് ബീഡ്സ് കോളജിനെ പരിഷ്കരിക്കുകയും ചെയ്തിരിക്കുന്നു.

ഇങ്ങനെ ലോകത്തിലെ ദീപസ്തംഭമായ വത്തിക്കാനിൽ ഇരുന്നുകൊണ്ടു ക്രിസ്തുവിൻെറ വാഴ്ചയ്ക്കും തൻെറ സമാധാനത്തിനുമായി അക്ഷീണ യത്നം ചെയ്യുന്ന ഈ തിരുമേനി ആയുരാരോഗ്യ സമ്പൽ സമൃദ്ധിയോടുകൂടി ഇഹത്തിൽ ചിരകാലം ജീവിച്ചു പരത്തിൽ പരമാനന്ദം പ്രാപിക്കുന്നതിനു സർവ്വശക്തനെ നമുക്കു പ്രാർത്ഥിക്കാം.

# പുൽക്കൂട്ടിലെ ദൈവപുത്രൻ.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.)

അഗണിതഗുണവാരിരാശി, വന്ദ്യൻ,
നിഗമനിദാന, മനാദി, ദേവപുത്രൻ,
അഗതിപദ മനുഗ്രഹിച്ചുകൊണ്ടീ-
ജ്ജഗതിഭരിപ്പതിനാഗ്രഹിച്ചിടുന്നോ?

പൃഥുതരകുതുകം ജനത്തിനെല്ലാ -
മരുളിനവെൺകുളിർ കല്ലിനാൽചമെക്കും
നിരുപമമണി സൌധതല്ലജത്തിൽ
വിരുതൊട്ടു മന്നവരാവസിച്ചിടുന്നു.

അഴകുപമവെടിഞ്ഞിണങ്ങു മോമൽ-
ക്കഴലിണ വാനവർക്കുപ്പു മീശപുത്രൻ
അഴലൊടൊരു ദരിദ്രവത്സലൻ പോൽ
പഴയതൊഴുത്തിലിതാ കിടന്നിടുന്നു!

നരപതികൾ മനോജ്ഞമായ പട്ടാൽ
വിരചിതമാം മൃദുശയ്യയിൽക്കിടപ്പൂ;
വരദനഖില വന്ദ്യനീശപരൻ തൻ (ൽ!
പരമതമൻതനയന്റെ മെത്തവൈക്കോ

വിരുതുയരുമനേക കോടിവാനോ-
രൊരുമയൊടീശപദം സദാഭജിപ്പൂ;
തിരുമകനരികത്തു കാവലിന്നാ-
യിരുമൃതുകാളകൾ മാത്ര മെത്രചിത്രം!

അനവധി മണിജാലമുല്ലസിക്കും
കനകമയം പലഹർമ്മ്യമീ സ്ഥലത്തിൽ
ദിനകരനുദയം ലഭിപ്പതിൻ മുൻ-
പനഘനജൻ തിരുവുള്ള മാകിലുണ്ടാം.

ധരണിയിലെ നികൃഷ്ടമായ സൌഖ്യം
വരനിധി ദേവസുതൻ വെറുത്തിടുന്നു;
ഉരപെരുകിയ സാധനം ത്യജിച്ചീ-
നരനിരയോ നിഴലാഗ്രഹിച്ചിടുന്നു.

ധരയിലവതരിച്ച നന്ദനൻ തൻ
ചരണസരോരുഹമാദ്യമായ് നമിപ്പാൻ
പരമജനകനീ ജ്ജനത്തിനേവം
വരമരുളാൻ തിരുവുള്ളമായതെന്തോ?

# ലോകരക്ഷകൻ.

(റൈററ് റവ. മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി.)

ആദത്തിന്റെ പാപംനിമിത്തം അധോഗതി പ്രാപിച്ച മനുഷ്യകുലത്തിന്നു ദൈവാനുഗ്രഹം ഒന്നുകൊണ്ടല്ലാതെ രക്ഷ പ്രാപിക്കാൻ അസാദ്ധ്യമായിത്തീൎന്നു. കയ്യിലുള്ള പുസ്തകം വായിക്കുന്നതിന്ന് ഒരു കുരുടൻ എത്രതന്നെ ശ്രമിച്ചാലും സാധിക്കാത്തതുപോലെയാണ് മനുഷ്യന്ന് സ്വരക്ഷ ചെയ്യാൻ നിവൃത്തിയില്ലാതെയായത്. അവന്റെ പാപപ്രവൃത്തി അളവററ മാഹാത്മ്യത്തിന്നെതിരായിരുന്നതിനാൽ ദൈവത്തോട് അളവററ ദ്രോഹം ചെയ്തുകൊണ്ട് ദൈവേഷ്ടപ്രസാദത്തെ നഷ്ടമാക്കി. അതു പുനസ്സമ്പാദിക്കുന്നതിന്ന് അളവററ പരിഹാരം ചെയ്യേണ്ടുങ്കിലേ ആവു എന്ന നിലയിൽ വന്നുകൂടി. പക്ഷേ അളവററ പ്രവൃത്തിക്കു സൃഷ്ടികൾ വശഹീനരാണ്. തൻമൂലം പ്രസ്തുത പരിഹാരം ദൈവത്തിൽനിന്നല്ലാതെ മനു

ഷ്യനിൽ നിന്നാകുന്നപക്ഷം ഉദ്ദേശസാദ്ധ്യത്തിന്ന് അതു പര്യാപ്തമാകയില്ല.

ഈ സ്ഥിതി നല്ലപോലെ ഗ്രഹിച്ചിരുന്ന ദൈവം ആദത്തിൻെറ പാപാനന്തരം ഉടനെ അവനോട് ഒരു രക്ഷകനെ പറഞ്ഞൊക്കുകയുണ്ടായി. ആദം പറുദീസായിൽനിന്ന് പുറത്താക്കപ്പെട്ടന്നതിന്നും പാപത്തിൽ പശ്ചാത്തപിക്കുന്നതിന്നും മുമ്പ് ദൈവം ഈ വാഗ്ദാനം ചെയ്യതിൽ അവിടത്തെ ദയാശീലത്തെ നാം നല്ലപോലെ മനസ്സിലാക്കണം. നരകസപ്പത്തോടു ദൈവം ചെയ്യ ശാപോച്ചാരത്തിലാണ് ഈ വാഗ്ദത്തം അടങ്ങിയിരിക്കുന്നതു്. "നിനക്കും സ്ത്രീക്കും നിൻെറ സന്തതിക്കും അവളുടെ സന്തതിക്കും മദ്ധ്യേ ഞാൻ ശത്രുതയെ വയ്ക്കും. അവൾ നിൻെറ തലയെ തകക്കും. നീ അവളുടെ കുതികാലിനെ പതിയിരിക്കയും ചെയ്യും" (സൃഷ്ടി. ൩. ൧൫.) എന്നിങ്ങനെയുണ്ടായ വാഗ്ദത്തം ആദിമാതാപിതാക്കളെ എമ്മാത്രം ആശ്വസിപ്പിച്ചിരിക്കണം. അവരുടെ അദ്ധ്വാനങ്ങളിലും അരിഷ്ടതകളിലും മരണഭീതിയിലും ഈ വാഗ്ദത്തം അത്യധികം ആശ്വാസജനകമായിരുന്നുവെന്നു വിശേഷിച്ചു പ്രസ്താവിക്കേണ്ടതില്ല. തൻമൂലം അവർ തങ്ങളുടെ സന്താനങ്ങളേയും ഈ ദൈവവാഗ്ദത്തത്തിൻെറ വിവരം മനസ്സിലാക്കിപ്പോന്നിരുന്നു.

മനുഷ്യകുല പരിത്രാതാവിനേപ്പററി പറുദീസായിൽവച്ചുണ്ടായ വാഗ്ദത്തത്തിന്നശേഷം ദൈവം മനുഷ്യരെ ആ രക്ഷകനെ കൈക്കൊള്ളത്തക്കവണ്ണം ഒരുക്കുകയുണ്ടായി. അതിൽ പ്രത്യേകമായി ദൈവം ചെയ്യതു ഒരു ജനത്തെ തിരഞ്ഞെടുത്തു് അവക്ക് തനിച്ചു ചില പ്രമാണങ്ങൾ കൊടുക്കുകയും അവരോടു തൻെറ വാഗ്ദത്തങ്ങളെ പുത്തനാക്കുകയും ചെയ്യതായിരുന്നു. ഈ ജനം യഹൂദകുലമാണ്. അവർ പ്രത്യേകം രക്ഷകനെ പ്രതീക്ഷിച്ചിരിക്കുന്നവരാകുവാൻവേണ്ടി അബ്രാഹമെന്ന പൂവ്വപിതാവിനോടു ദൈവം തൻെറ വാഗ്ദത്തത്തെ പുത്തനാക്കി. "ഭൂമിയിലുള്ള എല്ലാ വംശങ്ങളും നിൻെറ ബീജത്തിൽ ആശീവ്വദിക്കപ്പെടും" (സൃഷ്ടി. ൨൨. ൧൮.) എന്നത്രെ അ പിതാവിനോടു അരുളിച്ചെയ്യതു്. ഈ സംഭവം നടന്നതു് പറുദീസായിൽവച്ചുണ്ടായ ആദ്യവാഗ്ദത്തം കഴിഞ്ഞിട്ട് ഉദ്ദേശം രണ്ടായിരം സംവത്സരങ്ങൾക്കു ശേഷമായിരുന്നു. അതേ വാഗ്ദത്തം ഇസഹാക്ക്, യാക്കോബ് എന്നീ പൂവ്വപിതാക്കന്മാരോട് ആവത്തിക്കപ്പെട്ടിട്ട് പിന്നെയും ഓരായിരം സംവത്സരക്കാലത്തിന്നശേഷം ദാവീദ്ദീഘദശിക്കും വെളിപ്പെടുത്തപ്പെട്ടു. പിൻകാലങ്ങളിൽ പലേ ദീഘദശികളും രക്ഷകനെ സംബന്ധിച്ചു പ്രവചിക്കയുണ്ടായി. തൻമൂലം യഹൂദജനം രക്ഷകനിലുള്ള പ്രതീക്ഷ വിസ്മരിക്കുന്നതു് അസാദ്ധ്യമായിരുന്നു. അവരുടെ പ്രമാണങ്ങളിലെ ഓരോ വാക്കുകൾക്രുടി രക്ഷകനെ സംബന്ധിക്കുന്നവയാണ്. അവരുടെ തിരുക്കമ്മങ്ങൾ എന്നല്ല, എജിപ്തിലും ചെങ്കടലിലും മരുഭൂമിയിലുംവച്ചു ദൈവം അവക്കായിചെയ്യ അത്ഭുതകൃത്യങ്ങളെല്ലാം ഒരുരക്ഷകനിലുള്ള പ്രതീക്ഷ സദാ ആ ജനത്തിൽ നിലനിത്തുന്നവയായിരുന്നു. അവരുടെ ദേവാലയവും പരിശുദ്ധസ്ഥലവും ബലികളും എന്നിവയൊക്കെ വരുവാനിരുന്ന രക്ഷകനെ സദാചൂണ്ടിക്കാണിക്കാതിരുന്നിട്ടില്ല.

മനുഷ്യകുലത്തിൻെറആദിപിതാവായിരുന്ന ആദവും,അനീതിയായി സഹോദരനാൽ കൊല്ലപ്പെട്ട ആബേലും, ജലപ്രളയത്തിൽ മനുഷ്യർ ആകെ നശിക്കാതെ സംരക്ഷിക്കപ്പെട്ട നോഹം, അപ്പവും വീഞ്ഞും ബലിചെയ്യ മെൽക്കിസദെക്കും, പിതാവിനാൽ ബലി സമപ്പിക്കപ്പെട്ട ഇസഹാക്കും, സോദരൻ ഏസോവിനാൽ ഉപദ്രവിക്കപ്പെട്ട യാക്കോബും, സഹോദരന്മാരാൽവിൽക്കപ്പെട്ട യൌസേപ്പും, പെസഹാദിവസം ഭക്ഷിക്കപ്പെട്ടിരുന്നആട്ടിൻകുട്ടിയും, വിവിധരസങ്ങളുള്ള ഭക്ഷണപദാത്ഥമായി മരുഭൂമിയിൽ നൽകപ്പെട്ടിരുന്ന മന്നായും, എല്ലാ ബലികളും, സപ്പക്കടിഏററവരുടെ രക്ഷയ്ക്കായി മരുഭൂമിയിൽ നാട്ടപ്പെട്ട പിത്തളസപ്പവും, ഫറവോൻെറ അടിമയിൽ നിന്ന് ഇസ്രായേൽ ജനത്തെ വിമോചിച്ച മൂശയും, പറഞ്ഞൊക്കപ്പെട്ട കനാൻദേശത്തിലേക്കു അവരെ നയിച്ച യോസുവേയും, ബാളിൻെറ അൾത്താർ നശിപ്പിച്ച ഗെദെയോനും, പിറവി

ഒരു മാലാഖായാൽ മുൻഅറിയിക്കപ്പെട്ട സാംസോനും, ബെസ്ലഹമിൽ പാറക്കയും ഏറെ ഞെരുക്കങ്ങൾ അനുഭവിക്കയും സഖാക്കളാൽ ഉപേക്ഷിക്കപ്പെട്ടപ്പോൾ ഓറശ്ലത്തിൽ അഭയം പ്രാപിക്കയും ചെയ്ത ദാവിദും, അലങ്കാരസംപൂർണ്ണമായ മഹാദേവാലയം പണിയിച്ച ശ്ലേമോനും, തിമിംഗലത്തിന്റെ ഉള്ളിൽ മൂന്നു ദിവസം കിടന്ന യോനാസും ഓരോ വിധത്തിൽ വരുവാനിരുന്ന ലോകരക്ഷകന്റെ പൂർവ്വസാദൃശ്യങ്ങളായിരുന്നു.

# ഇന്നത്തെ ബേസ്ലഹം.

(റവ. ഫാദർ പ്ലാസിഡ് സി.ഡി., പിഎച്ച്.ഡി., ഡി.ഡി., ഡി.സി.എൽ.)

ഓർശ്ലേത്തു നിന്നു ഏകദേശം അഞ്ചു മൈൽ അകലയായി ബേസ്ലെഹെം സ്ഥിതിചെയ്യുന്നു. റാഹേലിന്റെ കബറിടം, "മൂന്നു രാജാക്കന്മാരുടെ കിണർ" എന്നിതുകളാണ് ബേസ്ലഹെമലേക്കുള്ള വഴിയിൽ പ്രധാനതയുള്ളവയായി കാണുന്നത്. മൂന്നു രാജാക്കന്മാൎക്കു വെള്ളം ആവശ്യപ്പെട്ടപ്പോൾ അത്ഭുതകരമായുണ്ടായ ഒരു കിണറെന്നത്രെ പ്രസ്തുത കിണറിനെപ്പററിയുള്ള ഐതിഹ്യം. ദൂരക്കാഴ്ചക്ക് ബേസ്ലഹെം വളരെ മനോഹരമായി തോന്നുന്നുണ്ടെങ്കിലും അടുത്തുള്ള അനുഭവം നേരേ മറിച്ചാണ്. ബേസ്ലഹത്തു തീൎത്ഥയാത്രക്കാൎക്കു സന്ദശിക്കുവാനുള്ളവയിൽ പ്രധാനപ്പെട്ടവ നാലു ഗുഹകളാണ്. ഒന്നിൽ നമ്മുടെ ദിവ്യരക്ഷകൻ ജാതനായി. മെസ്രേനിലേക്കു ഓടിഒളിക്കുവാനുണ്ടായ കല്പനയുടെശേഷം ദിവ്യ ഉണ്ണിയേയുംകൊണ്ട് ഏത്രയും പരിശുദ്ധ കന്യാസ്ത്രീമറിയവും മാർ യൌസേപ്പും ഒരു രാത്രി കഴിച്ചെന്നു പറയുന്നതാണ് വേറൊരു ഗുഹ. അതു 'മില്ക്കു ഗ്രോട്ടോ' എന്ന് അറിയപ്പെടുന്നു. മാതാവ് ഉണ്ണിക്കു പാലുകൊടുക്കുന്നവിധത്തിലുള്ള ഒരു രൂപം അവിടത്തെ പ്രധാന പീഠത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വി. ഈറോനിമോസ് എബ്രായഭാഷ പഠിച്ചതും വിശുദ്ധ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ ലത്തീൻ ഭാഷയിലേക്കു വിവൎത്തനം ചെയ്തതും മൂന്നാമത്തെ ഗുഹയിൽ വെച്ചായിരുന്നു. ഇതിനോടു സമീപിച്ച് വേറൊരു വിശാലമായ ഗുഹയും കാണുന്നുണ്ട്. ഹേറോദേശുരാജാവിന്റെ വാളിന്നിരയായ കൊച്ചുകുട്ടികളുടെ തലയോടുകളാണ് അതിൽ സംഗ്രഹിച്ചിരിക്കുന്നത് എന്നു പറയപ്പെടുന്നു. സന്ദൎശകന്മാൎക്കു ഇപ്പോൾ അതിലേക്കു പ്രവേശനം സാധാരണയായി അനുവദിക്കാറില്ല.

ന. കൎത്താവീശോമിശിഹാ ജനിച്ച ഗുഹയുടെ മുകളിൽ വി. ഹേലെന്നാ പണിയിച്ച പള്ളി കാണപ്പെടുന്നു. പള്ളിയിലേക്കുള്ള പ്രവേശനം വളരെ ഉയരം കുറഞ്ഞതും ഇടുങ്ങിയതുമാണ്. അധികം കേടുപാടുകൾ സംഭവിക്കാതെയും ജീൎണ്ണോദ്ധാരണം ചെയ്യപ്പെടാതെയും പലസ്തീനായിൽ ഇപ്പോഴുള്ള ചുരുക്കം ചില സ്ഥാപനങ്ങളിൽ ഒന്നാണ് ഈ പള്ളി. പള്ളിക്കകത്തുള്ള "മൊസായിക്കു" പണികൾ പൌരാണിക ചരിത്രതല്പരന്മാരെ പ്രത്യേകവിധമായി ആകൎഷിക്കത്തക്കവയത്രെ. പ്രധാന പീഠത്തിന്റെ (ഒരു ബലിപീഠം മാത്രമേയുള്ളു) പണിവിശേഷതയും യൌനായറീത്തിൽ മാത്രമുള്ള "ഐക്കോൻ" എന്നു പറയുന്ന ഇതര പൌരസ്ത്യറീത്തുകാരുടെ തിരശീലക്കു തുല്യമായ മറയും പള്ളിയുടെ ഉടമസ്ഥന്മാർ ഗ്രീക്കുകാരാണെന്നു വിളിച്ചറിയിക്കുന്നു.

ഗ്രീക്കുനിയമപ്രകാരം കുർബാന ചൊല്ലുന്നതായി ഒരു പീഠം മാത്രമേ ഒരു പള്ളിയിൽ ഉണ്ടായിക്കൂടൂ. പീഠത്തിന്റെ വലത്തുഭാഗത്തായി (ലത്തീൻ മുറക്കു ഇടത്തുഭാഗത്തു) ഒരു ചെറിയ പീഠം സ്ഥിതിചെയ്യുന്നു. അവിടെ അനേകം മെഴുകുതിരികൾ സദാ കത്തിക്കൊണ്ടാണിരിക്കുന്നതു്. പള്ളിസൂക്ഷക്കാരനായ അച്ചൻ അവിടെ തന്നെ എപ്പോഴും ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ നീണ്ട തൊപ്പിയും താടിമീശയും അയഞ്ഞ പുറങ്കുപ്പായവും (ജൂബാ) അദ്ദേഹം ഒരു ഗ്രീക്കുകാരനാണെന്നല്ലാതെ അകത്തോലിക്കനാണെന്നു് കാഴ്ചക്കാരെ ധരിപ്പിക്കുന്നില്ല. പ്രസ്തുത ചെറിയ പീഠത്തിന്റെ പുറകിലായി ഭൂമിയുടെ അടിയിലേക്കിറങ്ങുന്നതിനു് ഒരു ചെറിയ കൽഗോവണിയുണ്ടു്. ഗോവണിപ്പടിമേൽ കിടന്നുകൊണ്ടു് ജപധ്യാനങ്ങൾ നടത്തുന്ന ഒരു പ്രംസീസ്സ്കാസു സഭക്കാരൻ അച്ചനും അദ്ദേഹത്തിൽ നിന്നു വളരെ അകലെയല്ലാതെ ഗോവണിയുടെ മേൽഭാഗത്തു നില്ക്കുന്ന തോക്കേന്തിയ ഒരു ഗാട്ടുശിപായിയും സ്ഥലസാഹചര്യങ്ങൾ സന്ദർശകന്മാരെ ധാരാളം മനസ്സിലാക്കുന്നുണ്ടു്.

ഗോവണി ഇറങ്ങിച്ചെന്നാൽ വലത്തുഭാഗത്തായി കാണുന്നതു് ഈശോമിശിഹായുടെ ജനനസ്ഥലമാണു്. മാംസമായ വചനം പ. ക. മറിയത്തിൽ നിന്നു ജാതനായ തിരുസ്ഥലം ഒരു വെള്ളിനക്ഷത്രത്താൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിന്റെ മുൻവശത്തായി ദിവ്യഉണ്ണിയെ കിടത്തിയ തൊഴുത്തു കാണാം. അവിടെ കുർബാന ചൊല്ലുന്നതിനു വേണ്ട സൌകര്യങ്ങളുണ്ടു്. ഈ രണ്ടു സ്ഥലങ്ങളും കത്തോലിക്കരുടെ കൈവശമാണു്. പ്രംസീസ്സ്കാസു സഭക്കാരാണു് അവയുടെ കാവൽക്കാർ. മുടക്കംകൂടാതെ നിശ്ചിതസമയങ്ങളിൽ അവർ അവിടെ ദിവ്യകർമ്മങ്ങൾ നടത്തുന്നു. അവരെങ്ങാനും എന്തെങ്കിലും മുടക്കം വരുത്തിയാൽ കത്തോലിക്കർ വിശുദ്ധ സ്ഥലങ്ങൾ സൂക്ഷിക്കുന്നതിൽ അശ്രദ്ധ കാണിക്കുന്നു എന്നുള്ള ന്യായവും പറഞ്ഞുകൊണ്ടു മുകളിൽ നിൽക്കുന്ന ഗ്രീക്കുകാർ ബലം പ്രയോഗിച്ചു സ്ഥലം അപഹരിച്ചുകളയും. ഇതിനാൽ തോക്കേന്തിയ ഒരു പടയാളിയുടെ സാന്നിദ്ധ്യവും അവിടെ അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. ഗുഹയിൽ നിന്നു പുറത്തേക്കു കടക്കുന്നതിനു വേറെ വാതലുണ്ടു്. പുറത്തു കടന്നു കുറെ മുമ്പോട്ടു നടന്നാൽ പ്രംസീസ്സ്കാസു സഭക്കാരുടെ വകയായ പള്ളിയും ആശ്രമവും ഇരിക്കുന്നിടത്തു ചെന്നെത്താം. മിശിഹാ പിറന്ന ഗുഹയുടെ നേരേ മുകളിലുള്ളതും ഇപ്പോൾ ഗ്രീക്കുശീശ്മക്കാരുടെ അധീനതയിൽ ഇരിക്കുന്നതുമായ മുൻപറഞ്ഞ പള്ളിയോടു തൊട്ടുതന്നെയാണു് പ്രംസീസ്സ്കാസു സഭക്കാരുടെ പള്ളിയും ആശ്രമവും സ്ഥിതിചെയ്യുന്നതു്. രണ്ടു പള്ളിയുടെയും ഇടക്കാണു് വി. ഈറാനീമ്മോസിന്റെയും വി. കുഞ്ഞിപ്പൈതങ്ങളുടെയും ഗുഹകൾ. 'മില്ക്കു് ഗ്രോട്ടോ' ഗ്രീക്കുപള്ളിയുടെ മറെറ ഭാഗത്താണു്. മാലാഖാമാർ ഇടയന്മാർക്കു കാണപ്പെട്ട സ്ഥലം (ഷെപ്പേർഡ്സ് ഫീൽഡ്) പ്രംസീസ്സ്കാസു സഭക്കാരുടെ ആശ്രമത്തിനു മുമ്പിലായി കിടക്കുന്നു.

## കത്തോലിക്ക സന്യാസികൾ.

(സത്യദീപം.)

മേററ്ലെൻഡ് എന്ന പ്രോട്ടസ്റ്റൻറു ചരിത്രകാരൻ കത്തോലിക്ക സന്യാസികളേയും മററും കുറിച്ചു പ്രസ്താവിച്ചിട്ടുള്ള ഒരു ഭാഗം താഴെ ചേർക്കുന്നു.

"സന്യാസാശ്രമങ്ങൾ നിസ്സഹായരായ ശിശുക്കൾക്കും വൃദ്ധർക്കും പ്രശാന്തവും മതപരവുമായ സങ്കേതങ്ങളായിരുന്നു. രക്ഷകർത്താക്കന്മാരില്ലാത്ത കന്യകകൾക്കും നിരാശ്രയരായ വിധവകൾക്കും സഹതാപത്തോടും മാന്യമായും അഭയം നൽകുന്ന സ്ഥലങ്ങളായിരുന്നു അവ. പുല്ലുപോലുംമുളക്കാത്തകുന്നുകളുംഫലശൂന്യങ്ങളായ താഴ്വരകളും ചെള്ള നിറഞ്ഞ ചതുപ്പു് നിലങ്ങളും നല്ല കൃഷിസ്ഥലങ്ങളാക്കി

ത്തീർത്തശക്തി കേന്ദ്രങ്ങളായിരുന്നതും, പട്ടിണികൊണ്ടും തൽഫലമായുള്ള സാംക്രമികരോഗങ്ങളാലും പീഡിപ്പിക്കപ്പെട്ട നശിക്കാറായ ലക്ഷോപലക്ഷം സാധുക്കൾക്ക് ഭക്ഷണം കൊടുത്തു രക്ഷിച്ചതും ഈ സ്ഥാപനങ്ങളായിരുന്നു. അതാതുകാലത്തുണ്ടായിരുന്ന വിജ്ഞാനത്തിന്റെ ഭണ്ഡാഗാരങ്ങളും ഭാവിയിലെ വിജ്ഞാനത്തിന്റെ ഉറവകളും കലാവിദ്യകളുടേയും ശാസ്ത്രജ്ഞാനത്തിന്റേയും വളർത്തമ്മമാരുമായിരുന്ന്, ചിന്താസാമർത്ഥ്യവും നിർമ്മാണചാതുരിയുമുള്ള എല്ലാ വിദ്വാന്മാരേയും തന്റെ പുറവും കൂട്ടി പുതിയകണ്ടുപിടുത്തം നടത്തുന്നതിന്നു ഉത്സാഹിപ്പിക്കയും മാർഗ്ഗനിർദ്ദേശം ചെയ്കയും സമ്മാനം നൽകുകയും ചെയ്തിരുന്നതും ഈ സ്ഥാപനങ്ങളാണ്. രാജമന്ദിരങ്ങളാലും കോട്ടകളാലും ദേവാലയ ഗോപുരങ്ങളാലും പിൽകാലത്തു പ്രകീർത്തിക്കപ്പെട്ടിരുന്ന പട്ടണങ്ങൾക്ക് അടിസ്ഥാനമിട്ടതും ഈ സ്ഥാപനങ്ങൾ തന്നെയായിരുന്നു; ഈ വസ്തുത ഒരുത്തനും നിഷേധിപ്പാൻ പാടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. (S. R. Maitland, The Dark ages, 62.)

---

## വൈദികകർമ്മങ്ങളുടെ

# ഉത്ഭവവും മഹത്വവും.

(ശ്രീമാൻ വി. സി. ജോർജ്ജ് ബി. എ.)

അസമർത്ഥങ്ങളായ കണ്ണുകൾകൊണ്ട് ലോകത്തിന്റെ വിസ്മയനീയഗതിയെ വീക്ഷിക്കയിൽ തന്റെ നിസ്സാരബുദ്ധിയാൽ ഏതെങ്കിലും ഒരു സംഗതിയുടെ ശ്രേഷ്ഠോദ്ദേശ്യത്തേയോ അതിനു മറ്റു വസ്തുക്കളോടുള്ള സംബന്ധത്തേയോ ഗ്രഹിപ്പാൻ കഴിയാതെവരുമ്പോൾ കോപപരവശനായി ആ സംഗതി സർവ്വശക്തന്റെ പ്രവൃത്തിയല്ലെന്നോ മറ്റേതോ ഒരു മൂലത്തിന്റെ ഭയങ്കരഫലമാണെന്നോ മനുഷ്യമൌർഖ്യത്തിന്റെ വക്രഗതിയാണെന്നോ സ്ഥാപിക്കുന്നവൻ സംശയംവിനാ അന്ധനായി ഗണിക്കപ്പെടണം. കുർബാനക്രമത്തിലും മറ്റു വൈദികകർമ്മങ്ങളിലും സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വിശുദ്ധാചാരങ്ങളെ എതിർക്കുന്നവരുടെ പ്രവൃത്തി ഇപ്രകാരമാണെന്നാണ് എനിക്കു തോന്നുന്നത്.

ദൈവം സകല വസ്തുക്കളേയും "സംഖ്യയും തൂക്കവും അളവും" കൊണ്ട് നിശ്ചയിക്കുന്നുവെന്നുള്ളതു തീർച്ചയാണ്. സകലവിധ ക്രമത്തിന്റേയും ഐക്യതയുടേയും ഉത്ഭവസ്ഥാനമായിരിക്കുന്ന അങ്ങുന്നു തന്റെ സർവ്വശക്തിയുള്ള കരങ്ങളിൽനിന്നു പുറപ്പെടുന്ന സകലത്തേയും പ്രത്യേകിച്ചു തന്റെ ശ്രേഷ്ഠവേലയായ മതത്തേയും ക്രമം, ഐക്യത എന്നീ രണ്ടു ഗുണങ്ങൾകൊണ്ട് അടയാളപ്പെടുത്തിയിട്ടുണ്ട്. പുറപ്പാടു, ലേവിയാപ്പുസ്തകം എന്നീ ഗ്രന്ഥങ്ങളിൽ കാണുന്നപ്രകാരം അദ്ദേഹം പഴയനിയമത്തിൽ ആരാധനയുടെ പ്രത്യേക പ്രവൃത്തികളെ മാത്രമല്ലാ അതിന്റെ രീതിയേയും ഓരൊ ആചാരങ്ങളേയും സമയത്തേയും സ്ഥലത്തേയും വിധത്തേയും മറ്റുള്ള സാഹചര്യങ്ങളേയും നിശ്ചയിച്ചിരുന്നു. ഇപ്രകാരമായിരിക്കെ യഹൂദമതം ഏതിന്റെ ഉപകല്പനയും ഛായയും ആയിരുന്നുവോ ആ ക്രിസ്തീയവേദത്തിനു വേണ്ടി ദൈവം യാതൊരു നിശ്ചയവും ചെയ്തിട്ടില്ലെന്നു നാം എങ്ങിനെയാണ് വിശ്വസിക്കുന്നത്. വേദസംബന്ധമായ സംഘങ്ങളിൽ "സകലവും ഉചിതമായും ക്രമത്തിലും നടക്കട്ടെ" (൧. കോറന്തി ൧൪, ൪൦.) എന്ന്

പൌലോസ് ശ്ലീഹാ വിശ്വാസികളോടു ഗുണദോഷിക്കുന്നതായി നാം കാണുന്നു. ഏതു മുറ അല്ലെങ്കിൽ ക്രമത്തെ കുറിച്ചാണ് ശ്ലീഹാ ഇവിടെ പറയുന്നത്? മേൽ പറഞ്ഞ അദ്ധ്യായത്തിന്റെ ൩൪-ാംവാക്യത്തിൽ നിന്നും ആ ലേഖനത്തിൽ തന്നെ ൧൧-ാം അദ്ധ്യായം ൨൩-ാം വാക്യത്തിൽ നിന്നും കാണാവുന്നതുപോലെ നിശ്ചയമായിട്ടും ശ്ലീഹാ അവൎക്ക് വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടായിരുന്നവയും അദ്ദേഹത്തിനു ദിവ്യരക്ഷിതാവിൽ നിന്ന് ലഭിച്ചിട്ടുണ്ടായിരുന്നവയുമായ രീതികളേയും ആചാരങ്ങളേയും കുറിച്ചാണ്. ഈശോമിശിഹാ കുർബാന എന്ന ബലി, കൂദാശകളായ മററു വൈദികകർമ്മങ്ങൾ, എന്നിവയെ സ്ഥാപിച്ചതിന്റെ ശേഷം അവയെ നിവൃത്തിപ്പാനുള്ള വഴി തന്റെ ശിഷ്യന്മാൎക്ക് കാണിച്ചുകൊടുക്കയോ അല്ലെങ്കിൽ അതിന്റെ പ്രധാനഭാഗത്തെ മാത്രം ചൂണ്ടിക്കാണിച്ച് അപ്രധാനമായതിനെ നിശ്ചയിക്കുന്നതിനുള്ള അധികാരം തന്റെ ഇഷ്ടമണവാട്ടിയായ സഭയ്ക്കു നൽകുകയോ ചെയ്തിട്ടില്ലെന്ന് ഒരിക്കലും വന്നുകൂടാ.

രീതിയിലും ആചാരങ്ങളിലും വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും പാശ്ചാത്യപൌരസ്ത്യങ്ങളായ എല്ലാ പ്രത്യേക സഭകളും ഈ ന്യായത്തിൽ അത്ഭുതകരമാം വണ്ണം യോജിക്കുന്നുണ്ട്. ഇവയെല്ലാം സങ്കീൎത്തനങ്ങളുടേയും സ്തുതികളുടേയും മററു പ്രാൎത്ഥനകളുടേയും ഉച്ചാരണത്തെ കല്പിക്കുന്നുണ്ട്. ഇവയിലെല്ലാം അപ്പത്തിന്റേയും ജലസംയുക്തമായ വീഞ്ഞിന്റേയും കാഴ്ചവെയ്പുണ്ട്. ഈ സഭകളിലെല്ലാം പിന്നീടു വിശുദ്ധീകരണവും, വിശുദ്ധ പുസ്തകത്തിന്റെ പ്രത്യേകിച്ചു സുവിശേഷങ്ങളുടെ വായനയും, ജീവിക്കുന്നവരും മരിച്ചവരുമായുള്ള വിശ്വാസികളെകുറിച്ചുള്ള ഓൎമ്മയും, ശാബതയ്ക്കടുത്ത പ്രാൎത്ഥനകളും, വിശുദ്ധീകൃതമായ അപ്പത്തിന്റെ വിഭാഗവും, കുർബാന ഉൾക്കൊള്ളലും, ഉപകാരസ്മരണയും, ജനങ്ങളെ ഉദ്ദേശിച്ചുള്ള അശീൎവ്വാദവും ഉണ്ട്. സകലവിധ കുർബാനകളുടേയും ഈ പൊതുസ്വത്ത്, അതിശയനീയമായ ഈ യോജ്യത, സ്തുത്യൎഹമായ ഈ ഐകരൂപ്യം, ദൈവികവും അപ്പസ്തോലകാലത്തിനടുത്തതുമായ ഒരുത്ഭവത്തെ കാണിക്കുന്നു. വി. പത്രോസിനാൽ മനസ്സുതിരിക്കപ്പെട്ട മൂവായിരംജനം "അപ്പസ്തോലന്മാരുടെ ബോധനത്തിലും അപ്പംമുറിക്കുന്നതിൽ അന്യോന്യതയിലും പ്രാൎത്ഥനകളിലും സ്ഥിരപ്പെട്ടിരുന്നു." (നടപടി 2. 42.) എന്നുള്ള നടപടിയിലെ വാക്യത്തിൽ വിവിധ കുർബാനക്രമങ്ങൾക്കും ഉതകുന്നതായ ഒരു സംക്ഷേപത്തെ അദ്ധ്യാത്മശാസ്ത്രക്കാർ കാണുന്നുണ്ട്.

ലിബെർമാൻ എന്ന ദേഹം ന്യായസമേതം പ്രസ്താവിക്കുന്നതുപോലെ വി. യോഹന്നാൻ ഏവൻഗേലീസ്താ നമ്മുടെ കുർബാനക്രമത്തെ സ്വൎഗ്ഗത്തിലേയ്ക്കു മാററുന്നതിനോ സ്വൎഗ്ഗീയമായ ഒരു ക്രമത്തെ നമ്മുടെ വൈദികസംഘങ്ങളിൽ ഏൎപ്പെടുത്തുന്നതിനൊ ഏതിനാണ് ഉദ്ദേശിച്ചതെന്നു പറവാൻ പാടില്ലാത്തവണ്ണം നമ്മുടെ ആഘോഷകുർബാനകളുടെ പ്രത്യേകിച്ച് പൊന്തിഫിക്കാൽ കുർബാനയുടെ അത്രയ്ക്കു ശ്രേഷ്ഠവും അനുരൂപവുമായ ഒരു ഛായ ശെലിയാനായുടെ ചില അദ്ധ്യായങ്ങളിൽ വരച്ചിട്ടുണ്ട്. ശ്ലീഹാ സ്വൎഗ്ഗീയ ഓർശ്ലേമിനെ ധ്യാനിക്കയിൽ അവിടെ അടിയിൽ വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളോടുകൂടിയതും പുഷ്പമാലകൾ, ഉജ്ജ്വലങ്ങളായ ദീപങ്ങൾ, മെഴുകുതിരികൾ എന്നിവയാൽ പ്രശോഭിതവുമായ ഒരു ബലിപീഠത്തേയും മുദ്രിതമായ ഒരു പുസ്തകത്തേയും പൂപാത്തേയും ധവളാംബരരായ ആചാൎയ്യന്മാരേയും പീഠത്തിന്റെ മുൻപിൽ സാഷ്ടാംഗംവീണു കിടക്കുന്ന ഇരുപത്തുനാലു ശ്രേഷ്ഠന്മാരുടെ വന്ദ്യസംഘത്തേയും, പിന്നീടു അവിടെ യാഗം ചെയ്യപ്പെട്ടിരിക്കുന്നതായ അജശിശുവിനേയും മാലാഖാമാരുടെ സംഘം മുഴവനും തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ അസംഖ്യഗണങ്ങളും ശ്രുതിമധുരമാംവണ്ണം ദൈവത്തിനും അജശിശുവിനും സ്തുതികൾ പാടിക്കൊണ്ടിരിക്കുന്നതിനേയും കാണുന്നു. പ്രോട്ടസ്റ്റണ്ടുകാർ ഒരു നിമിഷത്തേയ്ക്കു മാത്രം കക്ഷിവഴക്കിനെ ഉപേക്ഷിച്ചിട്ട് ഇവിടെ ഒരു പൊന്തിഫിക്കാൽ കുർബാന വിവരി

ച്ചിരിക്കുന്നതുപോലെയല്ലെ തോന്നുന്നതു എന്നു പറയട്ടെ. ബലിപീഠവും തിരുശേഷിപ്പുകളും പുഷ്പങ്ങളും മെഴുകുതിരികളും കുർബാനപ്പുസ്തകവും ധൂപവും മുഖ്യപുരോഹിതന്മാരും പുരോഹിതന്മാരും വിശുദ്ധ വസ്ത്രങ്ങളും സങ്കീൎത്തനങ്ങളും സാഷ്ടാംഗം വീഴ്ചകളും സ്തുതിഗായകരായ ജനങ്ങളും പൊന്തിപ്പിക്കാൽ കുബ്ബാനസ്സുമുണ്ട്.

ഇത്രയും പറഞ്ഞശേഷം സഭ നടത്തുന്ന കൎമ്മങ്ങൾ അവയുടെ ദൈവികോത്ഭവത്തേയോ ശ്രേഷ്ഠ ഉദ്ദേശ്യത്തേയോ ഗുണകരഫലങ്ങളേയോ നോക്കുന്നതായാൽ പ്രോട്ടസ്റ്റണ്ടുകാരുടെ ദൂഷണത്തിനും നിന്ദയ്ക്കും പകരം ലോകം മുഴുവന്റെയും ബഹുമാനത്തെ അർഹിക്കത്തക്കവയാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അവ ദൈവാരാധനയുടെ അഭ്യാസം ക്രമത്തോടും ഐകരൂപ്യത്തോടും കൂടി നടക്കുന്നതിനും പൂജ അണയ്ക്കുകയും മററു വിശുദ്ധ രഹസ്യങ്ങൾ നിൎവ്വഹിക്കുകയും ചെയ്യുന്ന വിധത്തെ ദോഷകരമായി മാറാവുന്ന മനുഷ്യചാപല്യത്തിന്റെ ശക്തിയിൽ നിന്നൊഴിക്കുന്നതിനും അഭ്യന്തരമായ വികാരത്തെ ഇന്ദ്രിയഗോചരമാക്കി ഇന്ദ്രിയങ്ങളെ കൂടി ബന്ധിച്ച ഭക്തിയെ വൎദ്ധിപ്പിക്കുന്നതിനും തങ്ങളുടെ കൺമുമ്പാകെ വെച്ച ചെയ്യപ്പെടുന്ന ഗൂഢരഹസ്യങ്ങളുടെ ബോധം അല്പജ്ഞന്മാരുടെ ഹൃദയങ്ങളിൽ അധികം നന്നായിട്ടു പതിയുന്നതിനും ഉതകുന്നുണ്ട്. മനുഷ്യൻ ആത്മാവോടും ശരീരത്തോടും കൂടിയ ഒരു സൃഷ്ടിയാണെന്നും ആത്മാവു പ്രവൃത്തികൊണ്ട് ഇന്ദ്രിയത്തിന്റെ വേലയെ അതിയായി സഹായിക്കുന്നുണ്ടെന്നും നാം വിശ്വസിക്കുന്നു. ഉള്ളിനടുത്തതായൊരു പ്രവൃത്തിയും ബാഹ്യമായ ഒന്നിനെക്കൊണ്ട് പ്രത്യക്ഷീകരിക്കപ്പെടാതെയിരിക്കുന്നില്ല. ഇപ്രകാരം പുറമെയുള്ളതു മറേറതിന്റെ ഒരു യഥാൎത്ഥവിവരണം അല്ലെങ്കിൽ പരിഭാഷയാകുന്നു. അതിനു കൎത്താവിന്റെ ഇച്ഛാനുസരണം സ്നേഹത്തേയോ വെറുപ്പിനേയൊ ശരണത്തേയൊ ഭയത്തേയൊ ബഹുമാനത്തേയൊ നിന്ദയേയൊ സന്തോഷത്തേയൊ സന്താപത്തേയൊ ചുരുക്കി പറഞ്ഞാൽ മനുഷ്യനധീനങ്ങളായ സകല വികാരങ്ങളേയും ജനിപ്പിക്കാൻ ശക്തിയുണ്ട്. സ്വൎഗ്ഗീയവസ്തുക്കൾ ലൌകികങ്ങൾ വഴിയായി സംഗ്രഹിക്കപ്പെടുന്നു. ലൌകികവസ്തുക്കളിൽനിന്നു ബുദ്ധി അനായാസേന മററവയിലേക്കു ചാടുന്നു. "ദൈവത്തിന്റെ അദൃശ്യപ്രവൃത്തികൾ ദൃശ്യങ്ങളായുള്ളവ വഴിയായിട്ട് വിചാരിക്കപ്പെടുകയും ഗ്രഹിക്കപ്പെടുകയും ചെയ്യുന്നു" എന്നു ശ്ലീഹാ എഴുതിയിട്ടുമുണ്ട്. ആകയാൽ സഭാസംബന്ധമായ ആചാരങ്ങളെ ഇല്ലാതാക്കുന്നതു ഭക്തിയേയും വേദത്തേയും നശിപ്പിക്കുതന്നെയാകുന്നു.

കുബ്ബാനയിലും മററു വിശുദ്ധ കൎമ്മങ്ങളിലുമുള്ള ശ്രേഷ്ഠവും മഹത്തരവുമായ ആചാരങ്ങൾ കൂടാതെ വിശ്വാസികളുടേയും മററു പല വസ്തുക്കളുടേയും മേൽ സ്വൎഗ്ഗീയ ആശീർവ്വാദം അപേക്ഷിക്കുന്നതിനും നിത്യശത്രുവിന്റെ തന്ത്രങ്ങളേയും അക്രമങ്ങളേയും തടുക്കുന്നതിനുംവേണ്ടി ഇവയോളം പ്രാധാന്യമില്ലാത്ത മററു പലവയുമുണ്ട്. "ദൈവത്തിന്റെ സൃഷ്ടിയെല്ലാം ദൈവവചനത്താലും പ്രാൎത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നു." (1. തിമോത്തി 4. 4, 5.) എന്നു നല്ലവണ്ണം അറിഞ്ഞുകൊണ്ട് ആളുകളേയും പള്ളികളേയും വീടുകളേയും ഭക്ഷണപദാൎത്ഥങ്ങളേയും ഭക്തിക്കടുത്ത വസ്തുക്കളേയും ദൈവത്തിന്റെ സ്തുതിക്കായിട്ടോ മനുഷ്യന്റെ ഉപയോഗത്തിനായിട്ടോ നിയോഗിക്കപ്പെട്ടിട്ടുള്ള മററു പല സാധനങ്ങളേയും സഭ ആശീൎവ്വദിക്കുന്നുണ്ട്. ഈ സംഗതിക്കായിട്ടു തന്നെയാണ് സഭ അതിന്റെ ആചാൎയ്യന്മാൎക്കു ഗുരുപ്പട്ടത്തോടുകൂടി അവൎക്കു യുക്തമെന്നു തോന്നുന്ന സകലത്തെയും ആശീൎവ്വദിക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതു്. ആദ്യശതകങ്ങളിലെ ക്രിസ്ത്യാനികൾ ഈ അധികാരത്തെ വ്യൎത്ഥീഭവിപ്പിക്കുന്നതിന് അനുവദിച്ചിരുന്നില്ലായെന്ന് പാരമ്പൎയ്യം നമുക്കു കാണിച്ചുതരുന്നു. വിശുദ്ധ ജലത്തിന്റെ സൎവ്വസാധാരണമായ ഉപയോഗത്തെക്കുറിച്ച് വി: ചിപ്രിയാനോസു പറയുന്നുണ്ട്. കുർബാനസമയത്തു പ്രത്യേകിച്ച് വിശുദ്ധീകരണത്തിന്റെ നേരത്ത് കൎമ്മിയായ പട്ടക്കാരനാൽ ആശീൎവ്വദിക്കപ്പെടുന്നതിനാ

യി തങ്ങളുടെ അപ്പങ്ങളേയും ഫലമൂലാദി ഭക്ഷണസാധനങ്ങളേയും വിശ്വാസികൾ കൊണ്ടുവെക്കുക പതിവായിരുന്നുയെന്നു മററു പല പിതാക്കന്മാരും പഠിപ്പിക്കുന്നു. ഇങ്ങിനെ സഭയുടെ താൽക്കാലിക ആചാരങ്ങൾ ക്രിസ്തീയമതത്തിൻെറ ആദ്യനാളുകളിലേയും കത്താവിൻെറ ശ്ലീഹന്മാരുടെ കാലത്തേയും ആചാരങ്ങളോടു യോജിക്കുന്നു എന്നു കാണുന്നതു് സാക്ഷാൽ വിസ്മയിക്കത്തക്ക സംഗതിയാണെങ്കിലും ക്രിസ്ത്യാനികളെന്നുള്ള തങ്ങളുടെ അഭിധാനത്തിൽ തങ്ങളെ തന്നെ വിലമതിക്കുന്നവരായ ആളുകൾ ഏററം ജുഗുപ്സാവഹമായ ശാഠ്യത്തോടുകൂടി മേൽപ്രകാരമുള്ള പുരാതനവും വന്ദ്യവുമായ നടപടികളെ എതൃക്കുന്നതു് എത്രയൊ അയോഗ്യമായിട്ടുള്ളതാകുന്നു!

# ഫാദർ വെർണ്ണൻെറ മാനസാന്തരം.

(ശ്രീമാൻ കെ. ഈ. ജോബ് എം. എ; എൽ. ടി.)



ഇംഗ്ലണ്ടിലെ ജനങ്ങളിൽ മഹാഭൂരിപക്ഷം കത്തോലിക്കാസഭയെവിട്ടു് പ്രോട്ടസ്റ്റാൻറു വിശ്വാസം സ്വീകരിച്ച ശേഷം അവർ കത്തോലിക്കവിശ്വാസാചാരങ്ങളുടെ പരമ ശത്രുക്കളായി വളരെക്കാലം നിലനിന്നിരുന്നുവെങ്കിലും, അധുനിക കാലത്തു അവർ കത്തോലിക്ക സഭയോടു വ്യക്തിഗതമായും പൊതുവായും യോജിച്ചുവരികയാണെന്നുള്ളതിനു് അനേകലക്ഷ്യങ്ങളുണ്ടു്. "പ്രോട്ടസ്റ്റാൻറു" സംജ്ഞതന്നെയും അധികം ജനങ്ങൾക്കും കാരസ്കരഫലതുല്യമായി തീൎന്നിരിക്കുന്നു. സ്വയം "ആംഗ്ലോ കത്തോലിക്കരെ"ന്നു വിളിക്കപ്പെടണമെന്നുള്ള അവരുടെ മോഹം തന്നെയും കത്തോലിക്കാ സഭയോടുള്ള അവരുടെ സാമീപ്യത്തിൻെറ അടയാളമാണു്. എന്നാൽ കേവലം സാമീപ്യംകൊണ്ടു് തൃപ്തിയടയാതെ സാരൂപ്യത്തിനായും അവർ പരിശ്രമിക്കുന്നുണ്ടെന്നുള്ളതിനു അവരുടെ ദേവാലയ ശുശ്രൂഷകൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ആംഗ്ലോകത്തോലിക്കാ ദേവാലയങ്ങളിൽ ബലിപീഠങ്ങളും മെഴുകുതിരിക്കാലുകളും പ്രതിമകളും പടങ്ങളും ഉപയോഗിക്കാറുള്ളതുകൊണ്ടു്, അവ സാക്ഷാൽ കത്തോലിക്കാ ദേവാലയങ്ങളെപ്പോലെ തന്നെ കാണപ്പെടുന്നു. ഈ പ്രോട്ടസ്റ്റൻറു സഭാശാഖ സാക്ഷാൽ കത്തോലിക്ക സഭയിൽ സായൂജ്യം പ്രാപിക്കുന്ന ക്ഷണം അടുത്തുവരുന്നുണ്ടെന്നാണു് പലരുടെയും അഭിപ്രായം. ഈയിടെ ഇംഗ്ലണ്ടിൽ നടന്ന കാതലിക് എവിഡൻസ് ഗിൽഡു് സമ്മേളനാവസരത്തിൽ സുപ്രസിദ്ധ ജെസ്യൂററു പ്രാസംഗികനായ റവ. ഫാദർ മാർട്ടിൻഡെയിൽ ഈ അഭിപ്രായത്തെ പ്രതിധ്വനിപ്പിക്കുകയുണ്ടായി.

ഒരു സഭയിലെ അംഗങ്ങളായ ഭൂരിപക്ഷം ജനങ്ങൾ ഒരുമിച്ചു് കത്തോലിക്ക സഭയിൽ ചേരുകയെന്നുള്ളതു് ക്ഷിപ്രസാദ്ധ്യമല്ലെന്നും വ്യക്തിഗതമായ മതപരിവത്തനങ്ങളാണു് പ്രായോഗികമായിട്ടുള്ളതെന്നും പ്രബലമായ ഒരഭിപ്രായമുണ്ടു്. അനേകജനങ്ങൾക്കു ഒരുമിച്ചു് ഒരേ സമയത്തു മതബോധമുണ്ടാകുക അസംഭാവ്യമാണെന്നും അപ്രകാരമുള്ള മതപരിവത്തനങ്ങൾ സംശയാസ്പദമാണെ

ന്നുമത്രെ ഈ വാദക്കാരുടെ അഭിമതം. ഈ അഭിപ്രായത്തിന്റെ ബലാബലം എങ്ങനെ ഇരുന്നാലും, വ്യക്തിഗതമായ മതപരിവൎത്തനമാണ് അടിക്കടി ഇംഗ്ലണ്ടിൽ ഇപ്പോൾ നടന്നുവരുന്നതു്. ഇപ്രകാരം ഈയിടെ കത്തോലിക്കാ സഭയിൽ പ്രവേശിച്ചിട്ടുള്ള ഒരു ആംഗ്ലോ കത്തോലിക്കാ വൈദികനാണ് "ഫാദർ" വെർനൺ ജോൺസൺ എന്നദ്ദേഹം. ഇദ്ദേഹം ആംഗ്ലിക്കൻ സഭാംഗമായിരുന്ന അവസരത്തിൽ സ്വീകരിച്ചിരുന്ന 'ഫാദർ' എന്നബഹുമാന്യനാമം കത്തോലിക്കാസഭക്കു തല്ക്കാലം വകവെച്ചുകൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അദ്ദേഹത്തെ ഇപ്പോൾ കേവലം മിസ്റ്റർ വെർണൻജോൺസൺ എന്നാണ് കത്തോലിക്കർ വിളിച്ചു വരുന്നതു്.

അദ്ദേഹം തന്റെ മതപരിവൎത്തനകാരണങ്ങളെ വിശദീകരിച്ചുകൊണ്ട് "ഒരു കൎത്താവും ഒരു വിശ്വാസവും" എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥം ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ളതും, ആംഗ്ലോ കത്തോലിക്കാസഭയിലെ സാമാന്യഅംഗങ്ങളുടെ ചിന്താഗതിയെ പ്രതിഫലിപ്പിച്ചിട്ടുള്ളതുമാകുന്നു. സുപ്രസിദ്ധ സാഹിത്യകാരനായ കാർഡിനൽ ന്യൂമാൻ എഴുതിയിട്ടുള്ള "Apologia Pro Vita Sua." (സ്വജീവിതവൃത്താന്തസാധൂകരണം) എന്ന കൃതിയും മിസ്റ്റർ ജോൺസൺ എഴുതിയിട്ടുള്ള കൃതിയും തമ്മിൽ വലിയ അന്തരമുണ്ട്. ന്യൂമാനാകട്ടെ പണ്ഡിതാഗ്രേസരനും "ഓക്സ്ഫഡ് മൂവ്മെന്റു" എന്ന പ്രസ്ഥാനത്തിന്റെ നേതാവുമായിരുന്നതിനാൽ, അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കു ആകൎഷിച്ചകാരണങ്ങൾ വിദ്വാന്മാൎക്കു മാത്രമേ ശരിയായി മനസ്സിലാക്കാൻ സാധിച്ചിരുന്നുള്ളു.

"വിദ്വാൻചെയ്തിട്ടമദ്ധ്വാനം
വിദ്വാൻതന്നെ അറിഞ്ഞിടൂ."

എന്നാണല്ലോ പഴമൊഴി. മി. ജോൺസണാകട്ടെ പൊതുജനങ്ങളുടെ ഇടയിൽ വേദപ്രസംഗങ്ങൾ ചെയ്തിരുന്ന ഒരു വൈദികനായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ സംശയങ്ങളും അഭിപ്രായങ്ങളുമെല്ലാം ആംഗ്ലിക്കൻസഭയിൽപെട്ട സാധാരണ വ്യക്തികളുടെ ആയിട്ടാണുകാണുന്നതു്. ഈ ഗ്രന്ഥത്തിനു ഇംഗ്ലീഷ് ഭാഷ സംസാരിക്കപ്പെടുന്ന ക്രൈസ്തവരാജ്യങ്ങളിൽധാരാളം പ്രചാരമുള്ളതായികാണുന്നതുകൊണ്ടുതന്നെ പൊതുജനഹൃദയങ്ങളെ ഈ മതപരിവൎത്തന ചരിതം എത്രത്തോളം ആകൎഷിച്ചിട്ടുണ്ടെന്നുള്ളതു് സിദ്ധമാകുന്നുണ്ടല്ലോ.

മി. ജോൺസൺ കത്തോലിക്കാ സഭയിലേക്കു ആകൎഷിക്കപ്പെടുവാനുണ്ടായ മുഖ്യകാരണം അദ്ദേഹം 'ചെറുപുഷ്പ,, സ്വദേശമായ ലിസ്യൂവിലേക്കു ചെയ്ത കേവലം വിനോദാൎത്ഥമായ ഒരു സന്ദൎശനമായിരുന്നു. അവിടെ കണ്ട പല സംഭവങ്ങളേയും റോമൻകത്തോലിക്കരുടെ മൂഢവിശ്വാസമായി അദ്ദേഹം ആദ്യം പരിഗണിച്ചുവെങ്കിലും അധികകാലതാമസമെന്യേ വി. കൊച്ചുത്രേസ്യായുടെ ദൈവസ്നേഹമാഹാത്മ്യം അയാളുടെ ഹൃദയത്തെ ബലാൽ ആകൎഷിക്കുവാൻ തുടങ്ങി. "ഇങ്ങിനിവരാതെവണ്ണം" കഴിഞ്ഞുപോയ ഒരു ഭൂതകാലത്തിൽ മാത്രമല്ലാതെ, അനാത്മീയമായ ഈ ആധുനികകാലത്തും ധീരോദാത്തന്മാരായ വിശുദ്ധചരിതന്മാർ ഉണ്ടാകുമെന്നുള്ള ബോധം അദ്ദേഹത്തിനു ഈ അവസരത്തിലാണ് ഇദംപ്രഥമമായി ഉണ്ടായതു്. ഈദൃശജീവിതമാതൃകകളെ ഉത്ഭവിപ്പിച്ചിട്ടുള്ള സഭ, സാക്ഷാൽ ക്രിസ്തുസ്ഥാപിച്ച സഭ തന്നെ ആണെന്നുള്ള ദൃഢബോധവും അദ്ദേഹത്തിനു ക്രമേണ ഉണ്ടായിത്തുടങ്ങി. അദ്ദേഹം അതുവരെ ഉൾപ്പെട്ടുനിന്നിരുന്ന ആംഗ്ലിക്കൻ സഭയുടെ ചരിത്രത്തിൽ ഇങ്ങനെയുള്ള വിശുദ്ധന്മാരുടെയും വിശുദ്ധകളുടെയും യാതൊരു പേരുകളും കേട്ടിട്ടില്ലാതിരുന്നതു് ആ സഭയുടെ ഒരു ബലഹീനതയാണെന്നും അദ്ദേഹത്തിനു ബോധപ്പെട്ടു. എന്നിട്ടും അദ്ദേഹം കത്തോലിക്കാസഭയിൽ ചേരുന്നതിനു മടിക്കതന്നെ ചെയ്തു. വീണ്ടും അദ്ദേഹം ഒന്നുകൂടി ലിസ്യൂവിലേക്കു പോകുകയുണ്ടായി. ഈ സന്ദൎശനഫലമായിട്ടു ചെറുപുഷ്പത്തിന്റെ സഭയും ചെറുപുഷ്പവും തമ്മിലുള്ള ദൃഢബന്ധം അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. വിശുദ്ധ കൊച്ചുത്രേസ്യാ,

അത്ഭുതകരമായ ഒരു ദൈവസൃഷ്ടിയല്ലെന്നും, കത്തോലിക്കസഭയുടെ ഒരു ഉൽകൃഷ്ട സന്താനം മാത്രമാണെന്നും ഉള്ള അറിവു് അദ്ദേഹത്തിനുണ്ടായതു ഈ പ്രാവശ്യമായിരുന്നു. കത്തോലിക്കസഭയിലെ ഒരു സാമാന്യ അംഗവും വി. കൊച്ചുത്രേസ്യായും തമ്മിൽ ഉള്ള വ്യത്യാസം കേവലം പദവിയെ സംബന്ധിച്ചിട്ടുള്ളതാണെന്നും അല്ലാതെ ജാതിയെ സംബന്ധിച്ചിട്ടുള്ളതല്ലെന്നും അദ്ദേഹത്തിനു മനസ്സിൽ പതിഞ്ഞു കഴിഞ്ഞപ്പോഴേക്കു മതപരിവൎത്തനം അദ്ദേഹത്തിനു അപരിത്യാജ്യമായി വന്നുകൂടി. പ്രബലമായ ഈ വിശ്വാസം അദ്ദേഹത്തിന്റെ ഹൃദയത്തെ ഭരിച്ചുകൊണ്ടുവരികയിൽ വേദപുസ്തകത്തെ അദ്ദേഹം ഒരാവൎത്തികൂടെ വായിക്കയും അതോടുകൂടി കത്തോലിക്ക സഭയിൽ അഭയം പ്രാപിക്കുകയും ചെയ്തു.

ഈ വന്ദ്യപുരുഷന്റെ മാനസാന്തരചരിതത്തെപ്പററി വിമൎശനം ചെയ്കയിൽ ആംഗ്ലോ കത്തോലിക്കരുടെ ഔദ്യോഗിക രസനയായ ചർച്ചടൈംസ് എന്ന പത്രം അദ്ദേഹത്തിന്റെ സ്വഭാവനൈൎമ്മല്യത്തെപ്പററി ശ്ലാഘിക്കുകയും അദ്ദേഹത്തിന്റെ വേർപാടിനെപ്പററി അത്യന്തം ഖേദിക്കുകയും ചെയ്യുകാണുന്നു. കേവലം ലൌകിക ലാഭങ്ങളെ ഉദ്ദേശിച്ചു കത്തോലിക്ക സഭയിൽചേരുന്നതാണെന്നും മററും ഈ അവസരത്തിൽ കൊട്ടിഘോഷിക്കാതെ ഈ വിധത്തിൽ പറയുന്നതിനു പ്രസ്തുത പത്രാധിപരെ പ്രേരിപ്പിച്ച ഈ വന്ദ്യപുരുഷന്റെ സ്വഭാവവൈശിഷ്ട്യവും ദൈവഭക്തിയും സത്യനിഷ്ഠയും ആംഗ്ലോ കത്തോലിക്കരായ അദ്ദേഹത്തിന്റെ സ്വജനങ്ങൾക്കു ഒരുത്തമമാതൃകാപാഠമായി തീരുമാറാകട്ടെ.

---

## ജനുവരി മകരമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

"എല്ലാവരും ഒന്നായിരിപ്പാൻ."

ദൈവപുത്രൻ മനുഷ്യരക്ഷയ്ക്കായി ലോകത്തിൽ അവതരിച്ചു. രക്ഷാമാൎഗ്ഗമായി ഏക സത്യസഭയെ താൻ സ്ഥാപിക്കയും, സഭയുടെ സ്വരം എല്ലാവരും കേട്ടു അനുസരിപ്പാൻ ആജ്ഞാപിക്കയും ചെയ്തു. ഏക ഇടയനും ഒരു തൊഴുത്തും ആയിത്തീരുന്നതിനു അവിടുന്നു ആഗ്രഹിക്കയും അതിലേക്കു നിരന്തരമായി ശ്രമിക്കുന്നതിനു തന്റെ സഭയെ ചുമതലപ്പെടുത്തിയിട്ടു സ്വൎഗ്ഗത്തിലേക്കു ആരോഹണം ചെയ്കയുമാണുണ്ടായതു്. തിരുസഭയും അതിന്റെ പരമാദ്ധ്യക്ഷന്മാരും അന്നുമുതൽ ഇന്നുവരെ ഈ പരിശുദ്ധമായ ചുമതലയെ യഥാശക്തി നിൎവ്വഹിച്ചുവരുന്നു. നല്ല വിത്തുകളെ മാത്രമാണു് ദിവ്യഗുരു വിതച്ചിട്ടുപോയതു്. എങ്കിലും നരകശത്രു കളകളെ അതിനിടയിൽ കൂട്ടിക്കലൎത്തി. അതിനാൽ രക്ഷാകരമായ ഏക സത്യസഭയോടൊന്നിച്ചു അന്യോന്യം വിഭിന്നങ്ങളും നാശകരങ്ങളുമായ പല പാഷണ്ഡസഭകളും ഇപ്പോൾ ഭൂമുഖത്തു വളൎന്നുവരുന്നു. സഭയുടെ ആരംഭം മുതൽ ഈ വിധ കളകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്, അവയിൽ പലതും അപ്പഴപ്പോൾ നാശോന്മുഖങ്ങളായിത്തീരുകയും ചെയ്തു. എങ്കിലും ഇനിയും പലതും ശേഷിച്ചിരിക്കുന്നു. കൊയിത്തുകാലംവരെ ചിലതെങ്കിലും ശേഷിക്കാതിരിക്കുന്നതുമല്ല. എന്നാൽ മാതാവായ തിരുസഭ പുത്രനിൎവ്വിശേഷമായ സ്നേഹത്തോടുകൂടെ ഈ ധൂൎത്തപുത്രന്മാരെയെല്ലാം പിതാവിന്റെ ഭവനത്തിലേക്കു തിരികെ കൊണ്ടുവരുന്നതിനു അക്ഷീണമായി ശ്രമിച്ചുവരുന്നു. പരിശുദ്ധ പിതാവു പതിനൊന്നാം പീയൂ

സു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ വിഷയത്തിൽ ചെയ്തിട്ടുള്ള ത്യാഗപൂൎവ്വമായ പരിശ്രമങ്ങൾ അകത്തോലിക്കരുടെയും ശ്രദ്ധയെ ആകൎഷിച്ചിട്ടുള്ളതാകുന്നു. ഈവിധ പുനരൈക്യ പ്രസ്ഥാനങ്ങളെ ഊൎജ്ജിതമായി തുടൎന്നു കൊണ്ടുപോകുന്നതിനു തിരുമേനി ഏൎപ്പാടു ചെയ്തിട്ടുള്ളതോടുകൂടെ വത്സരാരംഭത്തിൽ തന്നെ കത്തോലിക്കാലോകത്തിൻെറ ഹൃദയപൂൎവ്വമായ പ്രാൎത്ഥനയെ തിരുമേനി ഇക്കാൎയ്യത്തിലേക്കു ക്ഷണിച്ചിരിക്കുന്നു. സൎവ്വപ്രധാനമായി പ്രാൎത്ഥനകൊണ്ടു സാധിക്കേണ്ട ഒരു കാൎയ്യമാണിതെന്നു എല്ലാവരും യഥായോഗ്യം ധരിച്ചിരിക്കേണ്ടതാകുന്നു. കേരളീയ



സഭയുടെ സംഗതിയും ഈ അവസരത്തിൽ നമ്മുടെ പ്രത്യേക പ്രാൎത്ഥനയ്ക്കു വിഷയമാകേണ്ടതായിട്ടുണ്ട്. സഭയിൽനിന്നു പരിഞ്ഞുനില്ക്കുന്ന ഭിന്ന സഹോദരങ്ങൾ നാൾക്കുനാൾ കൂടുതൽ അനൈക്യത്തിൻെറ നിലയിലേക്കു ത്വരിതഗമനം ചെയ്യുന്നു. കത്തോലിക്കാ സഭയുടെ മനോഹരതയയും സമാധാനസൌഭാഗ്യത്തേയും അവർ കാണുന്നുണ്ട്. സഭാമാതാവിൻെറ മടിയിലേക്കു പിന്തിരിയുന്നതിനുള്ള ശ്രമങ്ങളും ചില പ്രധാനസ്ഥാനങ്ങളിലൊക്കെ നടക്കുന്നുണ്ട്. അവയെല്ലാം സഫലമായിത്തീരുന്നതിനും ഈ മാസത്തിൽ നാം പ്രത്യേകിച്ചു പ്രാൎത്ഥിക്കണം.

ഫെബ്രുവരി— കത്തോലിക്കു വിദ്യാലയങ്ങൾ.

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. ബനീഞ്ഞാ കൊൺസൊലാത്താ.

1 ഇക്കാലത്തെ ഒരു അത്ഭുതകന്യക.

പ്രി. കുഞ്ഞുങ്ങളെ,

കത്തോലിക്കാസഭയുടെ ഒരു ലക്ഷണം അതു പരിശുദ്ധമായിരിക്കണമെന്നുള്ളതാണു. അതിൻെറ സ്ഥാപകനായ ഈശോമ്ശിഹാ പരിശുദ്ധനാകുന്നു. അതിൻെറ പഠനങ്ങൾ പരിശുദ്ധമാകുന്നു. അതിൻെറ സന്താനങ്ങളിൽ അനേകർ പരിശുദ്ധരാകുന്നു. ഇപ്രകാരം അസാമാന്യ പരിശുദ്ധതയുടെ ലക്ഷണങ്ങൾ തെളിവായികാണപ്പെടുന്നവരെയാണു അവരുടെ മരണശേഷം നിൎദ്ദാക്ഷിണ്യമായ പരിശോധനകൾ കഴിച്ച് തിരുസഭ വിശുദ്ധരുടെ പട്ടികയിൽച്ചേൎക്കുകയും വിശ്വാസികളുടെ വണക്കത്തിനും മാതൃകയ്ക്കുമായി കാണിച്ചുകൊടുക്കയും ചെയ്യുന്നതു. എല്ലാകാലങ്ങളിലും ഈ വിധമുള്ള പരിശുദ്ധന്മാർ തിരുസഭയിൽ ഉണ്ടായിട്ടുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യാ മുതലായവർ നമ്മുടെ ഈ അടുത്തകാലത്തുതന്നെയുണ്ടായിട്ടുള്ളവരാണല്ലൊ. അതിനേക്കാളും നമ്മോടു അടുത്തകാലത്തു ജീവിച്ചിരുന്ന പരിശുദ്ധാത്മാക്കളുടെ പേരുകളും ഇപ്പോൾ പുറത്തുവന്നു തുടങ്ങിയിട്ടുണ്ട്.

അപ്രകാരമുള്ള ഒരു അത്ഭുത കന്യകയാണു ബനീഞ്ഞാകൊൺസൊലാത്താ. 1916-ൽ ഇററലിയിൽ കോമോ എന്ന സ്ഥലത്തെ വസറേഷ്യൻ കന്യകാമഠത്തിൽ മുപ്പത്തൊന്നാമത്തെ വയസ്സിൽ ഭാഗ്യമരണംപ്രാപിച്ച ഈ കന്യകയെ പുണ്യവതിയെന്നുനാമകരണംചെയ്യുന്നതിനുള്ള പരിശോധനകൾ ധൃതിയിൽനടന്നുവരുന്നു. ഒൻപതുവൎഷംകന്യകാമഠത്തിൽ ജീവിച്ചതി

നിടയ്ക്കു ദിവ്യരക്ഷകൻ തൻെറ ഈ സ്നേഹമണവാട്ടിയിൽ ചിന്തിയ വരപ്രസാദദാനങ്ങൾ അത്ഭുതാവഹമെന്നേ പറവാനുള്ളു. തൻെറ ദിവ്യഹൃദയത്തിൻെറഭക്തിയെ ഈ കന്യക വഴിയായി കൂടുതൽപ്രചരിപ്പിക്കുവാൻ അവിടുന്നു തിരുമനസ്സായി. തൻെറ തിരുഹൃദയത്തിൻെറ കൊച്ചുസെക്രട്ടറിയെന്നാണ് ഈശോകർത്താവുതന്നെ ബനീഞ്ഞായെ വിളിച്ചിരുന്നത്. തിരുഹൃദയത്തിൻെറ അത്ഭുതമായ അനവധി അനുഗ്രഹരഹസ്യങ്ങളെ സെക്രട്ടറിയ്ക്കു പറഞ്ഞുകൊടുത്തു അവിടുന്ന് എഴുതിച്ചിട്ടുണ്ട്. പ്രസ്തുത ദിവ്യോപദേശങ്ങൾ വഴിയായി എണ്ണമില്ലാത്തയാളുകൾ അനുഗ്രഹം നിറഞ്ഞ ആ ദിവ്യഹൃദയത്തിൻ സങ്കേതം തേടുവാൻ ഇടയായിട്ടുള്ളതായി അനുഭവസ്ഥന്മാർ തന്നെ സാക്ഷിക്കുന്നു. ആകയാൽ പ്രിയകുഞ്ഞുങ്ങളേ, ഇയ്യാണ്ടു ഈ കുഞ്ഞുസെക്രട്ടറിയെയാണ് കുഞ്ഞുമക്കൾക്കു പരിചയപ്പെടുത്താൻ ഞാൻ കരുതിയിരിക്കുന്നതു്. കുഞ്ഞുമക്കളെല്ലാവരും ഇതു വഴിയായി സ്നേഹംനിറഞ്ഞ ഈശോയുടെ അനുഗ്രഹമുള്ള തിരുഹൃദയത്തിൽ ചെന്നെത്തുവാൻ തക്കവണ്ണം ബനീഞ്ഞാ നമ്മളെ സഹായിക്കട്ടെ!



കെ. സി. സി. എ. ബാലികാസംഘം, ഞാറയ്ക്കൽ.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ.

### വി. ദേവസ്യാനോസു സഹദാ.

തിരുനാൾ ജനുവരി 20—ാംനു- തിങ്കൾ.

പാപത്തേക്കാൾ മരണമെന്നുള്ള നിങ്ങളുടെ മുദ്രാവാക്യത്തെ പ്രവൃത്തിയാലെ കാണിച്ചുതന്നിട്ടുള്ളവരാണു എല്ലാ വേദസാക്ഷികളും. ക്രിസ്തുവർഷം മൂന്നാം ശതാബ്ദത്തിൻെറ ഒടുവിൽ റോമയിൽവച്ചു രക്തസാക്ഷിമകുടം പ്രാപിച്ച വി. ദേവസ്യാനോസ് റോമാചക്രവർത്തിയുടെ പോലും അത്ഭുതത്തിനും പരിഭ്രമത്തിനും വിഷയമായ ഒരു ധീരയോദ്ധാവാണ്. ഡയൊക്ലേഷ്യൻ ചക്രവർത്തി എന്തെല്ലാം തന്ത്രങ്ങൾ ഉപയോഗിച്ചുനോക്കിയിട്ടും വി. ദേവസ്യാനോസിനെ അല്പം പോലും ഇളക്കുവാൻ കഴിഞ്ഞില്ല. മ്ശിഹാകർത്താവിനെ ഉപേക്ഷിക്കുന്നതിനേക്കാൾ ഏതു മഹാപീഡകളും അനുഭവിപ്പാൻ പുണ്യവാൻ തയാറായിരുന്നു.

അതിനാൽ ഇതാ ഇപ്പോൾ അനന്തമഹിമയോടെ സ്വർഗ്ഗത്തിൽ പ്രശോഭിക്കുന്നു. വി. ദേവസ്യാനോസേ! പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ മരിപ്പാനുള്ള ധൈര്യം ഞങ്ങൾക്കു നീ അപേക്ഷിച്ചു തരുവിക്കണമേ.

## III. കെ. സി. സി. ഏ. ഡയറി.

ആൽബം നേരത്തെ അടിച്ചുകിട്ടിയതു വളരെ ഉപകാരമായി. പരിശുദ്ധ പിതാവിനുള്ള ജ്ഞാനപൂക്കൂട്ടമെത്രയും മനോഹരമായിരിക്കുന്നു. കുഞ്ഞുമക്കളുടെ ഈ കാഴ്ച പിതാവിനെ അത്യന്തം സന്തോഷിപ്പിക്കാതിരിക്കയില്ല. അങ്കെ ഇവിടെ കെട്ടിയ സുകൃതപ്രവൃത്തികളെക്കാൾ കുറേക്കൂടെ കൂട്ടതൽ ചേർക്കേണ്ടിവന്നിട്ടുള്ളതിനാൽ കുഞ്ഞുമക്കളെല്ലാവരും പൂക്കെട്ടിൽ കാണുന്ന എല്ലാ സുകൃതകൃത്യങ്ങളും ഓരോന്നുകൂടി ഈ മാസത്തിൽതന്നെ തിരുമനസ്സിലേക്കുവേണ്ടി കാഴ്ചവെയ്ക്കണം. ആകപ്പാടെ കെ. സി. സി. ഏ. ആൽബം കുഞ്ഞുമക്കൾക്കെല്ലാവർക്കും എപ്പോഴേയ്ക്കും സൂക്ഷിയ്ക്കത്തക്ക ഒരു നിക്ഷേപം തന്നെയാണു. അറുപതോളം സംഘങ്ങളുടെ തന്നെ പടങ്ങളും ചേർത്തിട്ടുണ്ട്. ആർട്ടുപെയ്പറിൽ അടിച്ചതിനു എട്ടണയും സാധാരണ തരത്തിനു നാലണയുമാണു വിലവച്ചിരിക്കുന്നത്. മാനേജർ കെ. സി. സി. ഏ. സെൻട്രൽഡിപ്പോ മാന്നാനം എന്ന മേൽവിലാസത്തിൽ എഴുതിച്ചോദിച്ചാൽ കിട്ടും.

* * *

വന്ദ്യവയോവൃദ്ധനായ ഫാദർ ഒനോരെ അവർകൾ ഈയിട മാന്നാനത്തു വന്നിരുന്നു. നിങ്ങളെ സംബന്ധിച്ചായിരുന്നു പ്രധാന സംസാരവിഷയം. കെ. സി. സി. ഏ. ക്കാരെല്ലാം വളർന്നുവരുമ്പോൾ എം. സി. വൈ. എൽ. അംഗങ്ങളായി ചേരണമെന്നു ആരംഭത്തിലെ ഒരു ആലോചനയുണ്ടായിരുന്നതു നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. എന്നാൽ കെ. സി. വൈ. എ. അതിനു പ്രതിബന്ധമായിത്തീരുമോ എന്നു ഫാദർ ഒനോരെ അവർകൾക്കു ഒരു സംശയമുണ്ടായി. എങ്കിലും വിവരം പറഞ്ഞപ്പോൾ എല്ലാം തൃപ്തിപ്പെട്ടു. എം. സി. വൈ. എൽ. ഇംഗ്ലീഷ് വിദ്യാഭ്യാസവും മററും കഴിച്ചിട്ടുള്ള യുവാക്കന്മാർക്കു മാത്രമായിട്ടുള്ള ഒരുയൎന്ന സ്ഥാപനമായിട്ടാണിപ്പോൾ ഇരിക്കുന്നതു. കെ. സി. സി. ഏ ക്കാൎക്കെല്ലാം അതിൽ ചേരാൻ സാധിച്ചെന്നു വരുന്നതല്ല. അതിനാൽ എല്ലാത്തരം കത്തോലിക്കയുവാക്കന്മാർക്കുമായിട്ടുള്ള ഒരു ശാഖക്കൂടിയില്ലെങ്കിൽ അതൊരു ന്യൂനതയായിരിക്കും എന്നല്ല വ്യവസായ പരമായ മാർഗ്ഗത്തിൽ മാത്രം ശ്രമിക്കണമെന്നുള്ളതാണു കെ. സി. വൈ. എ. യുടെ ഉദ്ദേശം.

* * *

അതുകൊണ്ടു എം. സി. വൈ. എൽ. ഉള്ള സ്ഥലങ്ങളിലെല്ലാം പ്രായം വരുന്ന കുഞ്ഞുമക്കൾപാട്ടുള്ളവരൊക്കെയും അതിൽച്ചേരണം. അല്ലാത്തവർ കെ. സി. വൈ. എ. വഴിയായി അവരുടെ ചെറുപ്പത്തിലെ അഭ്യാസം നഷ്ടപ്പെട്ടുത്താതെ സൂക്ഷിക്കണമെന്നേ പറയുന്നുള്ളു. ഏതുവഴിക്കായാലും കുറെക്കൊല്ലംകൊണ്ടു നിങ്ങളെ കോൺഗ്രസിനു പററിയ അംഗങ്ങളാക്കി അതിൽകൊണ്ടു ചേർക്കണമെന്നേ ഉദ്ദേശമുള്ളു. അതിനായി നിങ്ങളും ശ്രമിക്കുക. അപ്പോൾ കോൺഗ്രസ്സും മഹാജനസഭയും ഒക്കെ നന്നായി വരും.

* * *

നവംബർമാസത്തെ മത്സരത്തിൽ ഇടവഴിക്കൽ തൊമ്മൻ ഔസേപ്പ്, മൈലക്കൊമ്പ്, പുതിയ വീട്ടിൽ സെബാസ്റ്റ്യൻ, റോസ കളപ്പുരക്കൽ കുറവിലങ്ങാട്ടു, കൊച്ചുപൂവക്കോട്ടു ത്രേസ്യാ കാഞ്ഞിരത്താനം എന്നിവർക്കു സമ്മാനങ്ങൾ ലഭിച്ചിരിക്കുന്നു. മരിച്ചവിശ്വാസികളെക്കുറിച്ചുള്ള സുകൃതജപം ചൊല്ലുന്നതിനുള്ള കഴിഞ്ഞമത്സരത്തിൽ ആളുകൾ വർദ്ധിച്ചിരുന്നതുസന്തോഷകരംതന്നെ. ഡിസംബർ മാസത്തെ മത്സരം ഉണ്ണിയ്ക്കുള്ള മുടിയുടെ കാര്യമായിരുന്നെന്നു ഓർമ്മിക്കുമല്ലോ. "ഉണ്ണിക്കൊന്ത" പതിവായിട്ടു എത്തിക്കുന്നവരുടെ പേരുകളാണു ജനുവരിമാസത്തേയ്ക്കു കിട്ടേണ്ടതു.

* * *

ജനുവരിമാസത്തോടെ സംഘങ്ങളും സെക്രട്ടറിമാരും എല്ലാവരും ഒന്നുകൂ

ടെ ഉണൎന്നുപ്രവൎത്തിപ്പാൻ ഉത്സാഹിക്കണം. എല്ലാവൎക്കും നവവത്സരമംഗളം ആശംസിക്കുന്നു.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. ജൊവാൻ ഓഫ് ആർക്ക്.

എൽ. സി. ഐസക്ക് ബി. ഏ.

നസ്രാണിദീപിക ആഫീസ്, മാന്നാനം.

വില പത്തണ.

ആട്ടുമേച്ചുനടന്നിരുന്ന പത്തൊൻപതുവയസ്സു പ്രായമുള്ള ഒരു ഫ്രഞ്ചുകന്യക ദൈവപ്രേരണയാൽ ഫ്രാൻസു രാജ്യത്തിന്റെ സൈന്യത്തിന്റെ നേതൃത്വം വഹിച്ചു് രാജ്യത്തെ ഒരു അപകടഘട്ടത്തിൽ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നതും, ശത്രുക്കളായ ഇംഗ്ലീഷ്കാരുടെ കൈകളിൽ അകപ്പെട്ട ആ കന്യകയെ ഒരു അഭിചാരിണി എന്ന കുററം ചുമത്തി അവർ അഗ്നിക്കു ഇരയാക്കുന്നതും മററും അത്ഭുതവും അനുതാപവും കൂടാതെ വായിപ്പാൻ ആൎക്കും കഴിയുന്നതല്ല. തിരുസഭ ജോവാനെ പുണ്യവതിയെന്നു നാമകരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. ആകയാൽ ഈ പുസ്തകം ഒരു പുണ്യവതിയുടെ ജീവചരിത്രം കൂടെയാണു. ജാതിമതഭേദം കൂടാതെ സകലരുടെയും പ്രശംസക്കു പാത്രീഭവിച്ചിട്ടുള്ള ഈ കൃതിയ്ക്കു ഞങ്ങൾ പ്രചുരപ്രചാരം ആശംസിച്ചുകൊള്ളുന്നു.

### 2. കത്തോലിക്കാകുടുംബം.

മാനേജർ, ചെറുപുഷ്പമുദ്രാലയം

മഞ്ഞുമ്മേൽ- വരാപ്പുഴ.

വില: ആറണ.

'ചെറുപുഷ്പം' മാസികയിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിവന്നിരുന്ന 'കത്തോലിക്കാകുടുംബം' എന്ന ലേഖനപരമ്പരയുടെ ഒന്നാംഭാഗം പുസ്തകരൂപേണ അച്ചടിച്ചിട്ടുള്ളതാണ് മനോഹരമായ ഈ വിശിഷ്ടഗ്രന്ഥം. കുടുംബങ്ങളുടെ പരിഷ്കാരത്തിലാണു സമുദായത്തിന്റെയും രാജ്യത്തിന്റെയും പരിഷ്കാരം അടങ്ങിയിരിക്കുന്നതെന്നുള്ളതു ആരും വിസമ്മതിക്കുന്നതല്ല. എങ്കിലും പലപ്പോഴും ഈ വിഷയം വിസ്മൃതിക്കധീനമായിപ്പോകുന്നു. റവ. ഫാദർ ജോർജ്ജു ടി. ഒ. സി. ഡി. അവർകളും ശ്രീമാൻ കെ. എ. പോൾ അവർകളും ഈ ഗ്രന്ഥനിൎമ്മാണത്തിൽ ചെയ്തിട്ടുള്ള ശ്രമം സമുദായത്തിന്റെ സവിശേഷമായ അഭിനന്ദനത്തിനും പ്രോത്സാഹനത്തിനും പാത്രീഭവിക്കേണ്ടതാണ്.

## വർത്തമാനസംഗ്രഹം.

പരിശുദ്ധ പിതാവു തിരുമനസ്സിലെ ശ്രുതിപ്പെട്ട സുവൎണ്ണജൂബിലി പ്രമാണിച്ചു് കേരളത്തിലെ മിക്ക കത്തോലിക്ക കേന്ദ്രങ്ങളിലും ആഡംബരപൂൎണ്ണമായ ആഘോഷങ്ങൾ നടന്നിരിക്കുന്നു.

ആലപ്പുഴ മാർ സ്ലീവാപ്പള്ളി ദൎശനസമൂഹ സ്ഥാപനത്തിന്റെ ശതവത്സരഘോഷവും മാർപ്പാപ്പാ തിരുമനസ്സിലെ ജൂബിലിമഹോത്സവും നി. വ. ദി. ശ്രീ കാളാച്ചേരിൽ മാർ ജെയിംസു മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഡിസംബർ 29-ാംനു- കൊണ്ടാടിയിരിക്കുന്നു.

അടുത്ത എസ്. എൻ. ഡി. പി. യോഗം ഏപ്രിൽമാസത്തിൽ കോഴിക്കോട്ടു വ

ച്ചു നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നു. കത്തോലിക്കകോൺഗ്രസ് ചേർത്തലവച്ചു നടത്താൻ ആലോചനയുള്ളതായും, എം. സി. വൈ. എൽ. ഒല്ലൂർ വച്ചു നടത്താൻ തീർച്ചപ്പെടുത്തിയിട്ടുള്ളതായും അറിയുന്നു.

വൈസ്രായിയുടെ വരവുപ്രമാണിച്ചു തിരുവിതാംകൂറിൽ മൂന്നുലക്ഷം രൂപാ ചെലവുചെയ്യാനാണു തീർച്ചപ്പെടുത്തിയിരുന്നതെങ്കിലും ആകപ്പാടെ പതിനഞ്ചു ലക്ഷത്തോളം ആ വകയ്ക്കു ചെലവുള്ളതായിക്കാണുന്നു.

ജർമ്മനിയിൽ ബർലിൻ സർവ്വകലാശാലയിലെ സന്മാർഗ്ഗ ശാസ്ത്രപണ്ഡിതനായിരുന്ന ഡോക്ടർ ഫ്രെഡറിക്ക വാത്തേ എന്ന മഹാൻ പ്രോട്ടസ്റ്റന്റു മതം ഉപേക്ഷിച്ചു കത്തോലിക്കസഭയിൽ പ്രവേശിച്ചിരിക്കുന്നു.

ക്രിസ്സ്മസ്സ് സംബന്ധിച്ചു ലണ്ടൻ പട്ടണത്തിൽ തപാലാഫീസുകളിലുണ്ടായ ജോലിക്കൂടുതൽ നിമിത്തം പതിനായിരം തപാൽശിപായികളേയും ഒട്ടേറെ മോട്ടോർ വാഹനങ്ങളേയും സ്പെഷ്യലായി ഏല്പെടുത്തിയതായിക്കാണുന്നു.

ദക്ഷിണയിൻഡ്യാ യാത്രകഴിഞ്ഞു വൈസ്രോയി അവർകൾ തലസ്ഥാനത്തേയ്ക്കു തിരികെ യാത്രചെയ്കയിൽ അദ്ദേഹത്തിന്റെ തീവണ്ടിയിൽ ആരോ ബോംബെറിയുകയുണ്ടായെങ്കിലും ദൈവസഹായത്താൽ അപകടമൊന്നുമുണ്ടായില്ലെന്നറിയുന്നു.

ഇൻഡ്യയുടെ പുതിയ തലസ്ഥാനമായ ന്യൂഡൽഹിയിൽ ഒരു ക്രിസ്ത്രീയദേവാലയം പണികഴിപ്പിക്കുന്നതിലേക്കു ഇരുപത്തേഴായിരം പവന്റെ ഒരടങ്കൽ തയാറാക്കിയിരിക്കുന്നു. അതിൽ പകുതിയിലധികവും ഇപ്പോഴേ പിരിഞ്ഞുകിട്ടിയിട്ടുണ്ടു്. ബാക്കി തുകയ്ക്കുവേണ്ടി വൈസ്രോയി ഏർവിൻപ്രഭു അവർകൾ ഇംഗ്ലണ്ടിലെ ജനങ്ങളോടായി ഒരഭ്യർത്ഥന ലണ്ടൻ ടൈംസ് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഡിസംബർ 29-ാംനു- മുതൽ ലാഹോർ പട്ടണത്തിൽ വച്ചു ഇക്കൊല്ലത്തെ ഭാരതമഹാജനസഭ നടന്നു വരുന്നു. ഇത്തവണത്തെ കോൺഗ്രസ്സ് പലതുകൊണ്ടും ശ്രദ്ധാർഹമാകയാൽ അതിന്റെ നടപടികളെ എല്ലാവരും ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

പരിശുദ്ധപിതാവു തിരുമനസ്സിലെ ജൂബിലി സംബന്ധിച്ചു ഇററലിയുടെ പലഭാഗങ്ങളിൽ നിന്നായി മുന്നൂറിൽപ്പരം തീർത്ഥയാത്രാസംഘങ്ങൾ ഇക്കൊല്ലംറോമയിലെത്തിയതായിക്കാണുന്നു. ഇതുകൂടാതെയൂറോപ്പിൽനിന്നു വേറെ 124-ം അമേരിക്കയിൽനിന്നു 4-ം അഫ്രിക്കയിൽനിന്നു 4-ം സംഘങ്ങൾ ജൂബിലിപ്രമാണിച്ചു നിത്യനഗരത്തിൽ എത്തിയിരുന്നതായി പറയപ്പെടുന്നു.

അടുത്ത സർവ്വരാജ്യദിവ്യകാരുണ്യകോൺഗ്രസ്സ് അഫ്രിക്കയിൽ കാർത്തജ്ജ നഗരത്തിൽ വച്ചാണല്ലോ നടത്തുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതു. പിന്നത്തെ കോൺഗ്രസ്സ് അയർലണ്ടിൽക്കൂട്ടുവാൻ ഇപ്പോഴെ തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു.

---

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു് അപേക്ഷിക്കണം.

ഈശോയുടെ എത്രയും പരിശുദ്ധ ഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഞങ്ങളുടെരോഗം ശമിച്ചതിനു ഉപകാരസ്മരണ.

കെ. ഡി. എം. മുത്തോലി.

തിരുഹൃദയത്തോടും മാതാവിനോടും മാർ യൌസേപ്പുപിതാവിനോടും വി. കൊച്ചുത്രേസ്യായോടും അന്തോനീസു പുണ്യവാനോടുമുള്ള അപേക്ഷമൂലം അത്യാശയോടെ അഗ്രഹിച്ചിരുന്ന ഒരു കാര്യം

സാധിച്ചതിന്.

ജോസ് തെക്കേ പുത്തൻപുര.

യോഹന്നാൻ നെപ്പുമസ്യാനോസ് പുണ്യപിതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എനിക്കുണ്ടായ പല വ്യവഹാരങ്ങളും രാജിപ്പെട്ടുതീന്നതിനു കുസുമംവഴി ഉപകാരസ്മരണചെയ്യുന്നു.

വി. ഏ. ഫ്രാൻസീസ് കുറുമണ്ണൂർ.

ദൈവജനനിയുടെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഒരു പ്രത്യേക കാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ജേ. സി. ചാവക്കാട്ട്.

മാർ യൌസേപ്പുപിതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

തോമസ് ഫർണാണ്ടസ് കൊല്ലം.

അമലോത്ഭവമാതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എൻെറ മകൻെറ സുഖക്കേട ഭേദമായതിന്. വി. ജെ. വക്കി ചേത്തല.

അസാദ്ധ്യമായി വിചാരിച്ചിരുന്നസഭാപ്രവേശകാര്യം വി. റീത്തായുടെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ സാധിച്ചതിന്.

എസ്. ബി. കുറവലങ്ങാട്ട്.

എൻെറ മകളുടെ മരണകരമായ സുഖക്കേട വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയിൽ സുഖം പ്രാപിച്ചതിന് നേർച്ച അനുസരിച്ച് കുസുമം വഴി ഉപകാരസ്മരണ.

എം. എം. തോമസ് പാലാ.

പരിശുദ്ധ കന്യകയുടെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ആഗ്രഹിച്ചകാര്യം സാധിച്ചതിനും മേലിൽ സാധിച്ചുകിട്ടുന്നതിനും.

വെളുത്തേടത്തുപറമ്പിൽ തൊമ്മൻ ഔസേപ്പ് കിഴതടിയൂർ.

കാലംചെയ്ത കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻെറ സഹായത്താൽ എൻെറ കുട്ടിയുടെ ദീനം സുഖപ്പെട്ടതിന്. ടി. പി. ഇ. പാലാ.

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വി. കൊച്ചുത്രേസ്യാ വി. റീത്താ ഇവരുടെ പ്രത്യേകസഹായത്താലും ഞാൻ ബി. ഏ. പരീക്ഷയിൽ ജയിച്ചതിന് ഉപകാരസ്മരണ.

സി. ജാനകി പാവർട്ടി.

ദൈവജനനിയുടെയും വി. യൌസേപ്പുപിതാവിൻെറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്.

വി. എം. കെ. കൊഴുവനാൽ.

തൃശ്ശൂർ തോപ്പിൽ ദിവ്യ ഉണ്ണിഈശോയുടെയും മാർ അന്തോനീസിൻെറയും വി. കൊച്ചുത്രേസ്യായുടെയും കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻെറയും സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിന്.

കുണ്ടന്നൂർ ദേവസ്സി പ്രഞ്ചപ്പൻ തൃശ്ശൂർ.

എൻെറ ഭാര്യയുടെ പ്രസവം ഞാൻ അപേക്ഷിച്ചപ്രകാരം യാതൊരു തടവുംകൂടാതെനടന്നതിന് വി. കൊച്ചുത്രേസ്യായിക്ക ഉപകാരസ്മരണചെയ്യുന്നു.

ആർ. എസ്. പെറെയിരാ, സിലോൺ

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പാവുക്കര ഇടവക കിഴക്കേടത്തു തറയിൽ പേത്രുയോഹന്നാൻ മകൾ ത്രേസ്യാമ്മ ഡിസംബർ ൧൨-ാംനു- ൧൬ വയസ്സ്.

പാലാ തിരുഹൃദയമഠത്തിൽ റവ. സിസ്റ്റർ മേറി ജോസഫീനാ ഡിസംബർ ൧൨-ാംനു- ൨൭ വയസ്സ്.

കല്ലൂക്കാട്ടുപള്ളി ഇടവക ക. നി. മൂ. സ. ബ. ഫ്രാങ്കച്ചൻെറ ജ്യേഷ്ഠസഹോദരൻ വലിയകളത്തിൽ ഔസേപ്പ് അവർകൾ ഡിസംബർ 19-ാംനു- 57 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൩൦ . ചാക്രം ൧ പട ഞായറാഴ്ച അക്ഷരം. ൭.

## ൧൯൩൦ ജനവരി. — ൧൧൦൫ ധനു — മകരം.

| | | | | |
|---|---|---|---|---|
| 1 | 17 | ബു | ✠ ന. ക. ഛേദനാചാരം ന. വെ. കു. വെ. .൧൩ .൭ .൫ | വെ. |
| | | | ചേപ്പുങ്കൽ, രാമപുരം, കോസനല്ലൂർ. | |
| | | | ☞ അടുത്തതു ആദ്യവെള്ളിയാഴ്ച. | |
| 2 | 18 | വ്യാ | വേദ. എസ്ലപ്പാനോസ് എട്ടാം. ന. ആ. കു. വെ. | ച്യ. |
| 3 | 19 | വെ | വേദ. യോഹന്നാൻ ശ്ലീ. എട്ടാം. ന. ആ. കു. വെ. | വെ. |
| 4 | 20 | ശ | കുഞ്ഞിപ്പൈതങ്ങൾ എട്ടാം. ന. ആ. കു. വെ. | ച്യ. |
| 5 | 21 | ഞാ | ✠ ഒഴിവു ദെന. തലേ. ന. ആ. കു തലേ. .൧൨ .൦ .൨ | വെ. |
| | | | ☞ നാളെ കടം. | |
| 6 | 22 | തി | ✠ ന. ക. ദെനഹാ. ന. വെ. കു. വെ. | വെ. |
| 7 | 23 | ചൊ | ദെന. എം. ന. ആ. കു. വെ. | വെ. |
| 8 | 24 | ബു | ദെന. എം. ന. ആ. കു. വെ. | വെ. |
| 9 | 25 | വ്യാ | ദെന. എം. ന. ആ. കു. വെ. | വെ. |
| 10 | 26 | വെ | ദെന. എം. ന. ആ. കു. വെ. | വെ. |
| 11 | 27 | ശ | ദെന. എം. ന. ആ. കു. വെ. | വെ. |
| 12 | 28 | ഞാ | ✠ ദെന. ൧-ാം ഞാ. ന. ആ. കു. ദെന. എട. ഞാ. ൨൧൨൨ .൨൫ .൨ .൫ | വെ. |
| 13 | 29 | തി | ദെന. എട്ടാം. ന. ആ. കു. എട്ടാ. | വെ. |
| ⊕ 14 | 1 | ചൊ | അ. മെ൪. ഹിലാരി. ന. ആ. കു. വെ. | വെ. |
| 15 | 2 | ബു | വന. മെ൪. പൌലോസ്. ന. ആ. കു. വെ. | വെ. |
| 16 | 3 | വ്യാ | പാ. വേ. മർച്ചെല്ലൂസ് ന. ആ. കു. വെ. | ച്യ. |
| 17 | 4 | വെ | ആബ. മെ൪. അന്തോനീസ്. ന. ആ. കു. വെ. | വെ. |
| 18 | 5 | ശ | ശ്ലീ. പത്രോസ് റോമാസിം. ന. ആ. കു. വെ. | വെ. |
| 19 | 6 | ഞാ | ✠ ദെന. ൨-ാം ഞാ. ന. കു. ആ. .൧൩ .൫ .൫ | പ. |
| | | | അടുത്ത വെള്ളി മാ. ശുദ്ധീ. നവനാൾ തുടങ്ങും. | |
| 20 | 7 | തി | ഫബിയാനോസും സെബസ്ത്യാനോസും ന. ആ. കു. വെ. | ച്യ. |
| 21 | 8 | ചൊ | ക. വേദ. ആഞ്ഞേസ്. ന. ആ. കു. വെ. | ച്യ. |
| | | | മുട്ടം, മാതാ. വിവാഹ തിരുനാൾ. | |
| 22 | 9 | ബു | വേദ. വിനസെന്തി. അനസ്താസിയോസും. ന. ആ. കു. വെ. | ച്യ. |
| 23 | 10 | വ്യാ | വേദ. അമെത്തിയാസ. ന. ആ. കു. വെ. | ച്യ. |
| 24 | 11 | വെ | അ. വേദ. തീമാത്തെ. ന. ആ. കു. വെ. | ച്യ. |
| 25 | 12 | ശ | ശ്ലീ. പെ൪. മനസ്സുതിരിവ്. ന. ആ. കു. വെ. | വെ. |
| | | | അതിരമ്പുഴ വി. സെബ. തിരുനാൾ. | |
| 26 | 13 | ഞാ | ✠ ദെന. ൩-ാം ഞാ. ന. കു. ആ. .൧൨ .൨ .൨ | പ. |
| 27 | 14 | തി | അ. മെ൪. യോ. ക്രിസോ. ന. ആ. കു. വെ. | വെ. |
| 28 | 15 | ചൊ | വേദ. ആഞ്ഞേസ്. ൨-ാം പ്രാ. ന. ആ. കു. വെ. | ച്യ. |
| ● 29 | 16 | ബു | ✻ അപ്പ. മെ൪. മ. പ്രാസി. ദെസാലെസ്. ന. ആ. കു. വെ. | വെ. |
| 30 | 17 | വ്യാ | ✻ ക. വേദ. മത്തീനാ. ന. ആ. കു. വെ. | ച്യ. |
| 31 | 18 | വെ | ✻ മെ൪. പത്രോസ്. നൊളാ. ന. ആ. കു. വെ. | വെ. |

Printed and Published for the Proprietor by P. K. Joseph at
St. Joseho's Press, Mannanam 1930.